# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05 - 11 - 2017

വാല്യം 13 | ലക്കം: 11 | നവംബർ 2017 | Price Rs. 10/- | Annual Subscription RS. 100/-


കവർ സ്റ്റോറി



# പൗരോഹിത്യത്തിലേക്ക് മടങ്ങിപ്പോകുന്ന ഭക്തന്മാർ

**ഷൈജു തോമസ് ഞാറയ്ക്കൽ**

ആഗോള വ്യാപകമായി മലയാളി പെന്തക്കോസ്ത് സമൂഹത്തിലും സാമൂഹിക മാധ്യമങ്ങളിലും ഏറെ ചർച്ചകൾക്കും വിവാദങ്ങൾക്കും വഴിമരുന്നിട്ട സംഭവമായിരുന്നു മനു മേനോൻ, സുജിത്ത് ജയിംസ് ഏബ്രഹാം, ആഷ്ലി ഏബ്രഹാം എന്നിവർ സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞ് ബിഷപ്പ് പദവി സ്വീകരിച്ചത്. ഒരു സമയത്ത് കേരളത്തിലെ കൺവൻഷൻ വേദികളിൽ നിറഞ്ഞ സാന്നിദ്ധ്യമായിരുന്ന ഇവർ പിന്നീട് നിയോ പെന്തക്കോസ്തലിസത്തിന്റെ വക്താക്കളായി മാറി. ഉപദേശങ്ങളെ വളച്ചും തിരിച്ചും, എല്ലാ വ്യാഖ്യാന ശാസ്ത്രങ്ങളെയും കാറ്റിൽ പറത്തി തങ്ങൾക്ക് ഇഷ്ടമുള്ളതു പോലെ വേദപുസ്തകത്തെ വ്യാഖ്യനിച്ചു. അതിന്റെ പരിണിത ഫലമായി കേരളത്തിലെ പെന്തക്കോസ്ത് സഭകളുടെ വളർച്ചയെ പുറകോട്ടടിച്ചു എന്നതാണ് സത്യം. ഉപദേശത്തിലും ജീവിതത്തിലും അയവു വരുത്തിയ ന്യൂജൻ സഭകളും പ്രോസ്പിരിറ്റി തിയോളിയും അതിന്റെ ആവിർഭാവത്തിന് മുന്നമെ 200 ശതമാനം വളർച്ച രേഖപ്പെടുത്തിയ കേരളത്തിലെ പെന്തക്കോസ്ത് സഭകൾ, വളർച്ചാ നിരക്ക് കുറഞ്ഞ് വന്ന് താരതമ്യേന ഇല്ലതായി എന്ന സത്യം വിസ്മരിച്ച് കളയരുത്. പെന്തക്കോസ്ത് സഭകളുടെ വളർച്ചയ്ക്കും ജനങ്ങളെ വഞ്ചിക്കാനുമുള്ള സാത്തന്റെ തന്ത്രമായി വേണം ഇതിനെ കാണുവാൻ. അതിനായി പിശാച് ഉപയോഗിച്ചത് ധനവും, മാനവും, പ്രശസ്തിയും തേടി നടന്നിരുന്ന ഇത്തരം പ്രസംഗകരെ ആണു താനും.


ഇത്തരം പ്രവണതകൾക്ക് തുടക്കം കുറിച്ചത് കേരളത്തിലെ അറിയപ്പെടുന്ന വ്യക്തിയും റേഡിയോ പ്രഭാഷകനും ആയിരുന്ന കെ. പി യോഹന്നാൻ ബിഷപ്പ് ആയതോടെയാണ്. അതോടെ അദ്ദേഹത്തിന്റെ സ്വീകാര്യത പെന്തക്കോസ്തർക്കിടയിൽ നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ഈ ചെയ്തിയെ അംഗീകരിക്കുവാൻ കഴിയാത്ത അനേകർ അദ്ദേഹത്തിന്റെ സഭവിട്ടു. പിന്നീട് മുഖ്യധാര സഭയായ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ നേതൃ നിരയിൽ മലയാളം ഡിസ്ട്രിക്ട് സെക്രട്ടറിയായി പ്രവർത്തിച്ചു വന്നിരുന്ന റാന്നി സ്വദേശിയായ ബാബു ജോർജ് ബിഷപ്പ് പദവി സ്വീകരിച്ചതോടെയാണ്. അദ്ദേഹത്തെ അസംബ്ലീസ് ഓഫ് ഗോഡ് സഭ പുറത്താക്കുകയും, പിന്നീട് അദ്ദേഹവും പെന്തക്കോസ്തരുടെ വേദികളിൽ നിന്ന് നിഷ്കാസിതനായി. പിന്നീട് ഒരു പത്രത്തിന്റെ പത്രാധിപനായിരുന്ന റാന്നി സ്വദേശിയായ വ്യക്തി വന്നതിലേക്ക് മടങ്ങിപ്പോയി ശെമ്മാച്ചൻ പദവിയും സ്വീകരിച്ചു. അതിനെ തുടർന്ന് അനേകം പേർ ഈ വഴി സ്വീകരിച്ചു. ഏറ്റവും പുതിയതായി വന്നിരിക്കുന്ന വാർത്ത ബാംഗ്ലൂർ എജിയുടെ ഓർഡൈൻഡ് ശുശ്രൂഷകനും നാഴികക്ക് നാല്പത് വട്ടം എം. എ വർഗിസ് 'എന്റെ മകനാ' എന്നു പറഞ്ഞ മനുമേനോനും, അപ്പോസ്തോലിക്ക് ചർച്ച് അലയൻസിന്റെ ഓർഡയ്ൻഡ് പാസ്റ്ററായ ആഷ്ലി ഏബ്രഹാമും, ഒരു രാത്രി കൊണ്ട് സോഷ്യൽ മീഡിയായുടെ സഹായത്തോടെ പ്രവാചകനായി മാറിയ സുജിത്ത് ഏബ്രഹാമും ബിഷപ്പ് പദവി സ്വീകരിച്ച് ബിലയാമിന്റെ വഴിയിലായി. ഇങ്ങനെ പൗരോഹിത്യത്തിലേക്ക് മടങ്ങിപ്പോകുന്നതിന് ആംഗ്ലിക്കൻ സഭയുടെ ഉപദേശാധിഷ്ഠിതമായ പ്രസ്ഥാനങ്ങളാണ് പൗരോഹിത്യ വസ്ത്രം ഇവർക്ക് ചാർത്തി കൊടുക്കുന്നത്.

ഇതെല്ലാം കേരളത്തിലെ പെന്തക്കോസ്ത് സഭകൾക്ക് ഉണ്ടാക്കിയ അപചയം ചെറുതല്ല. ഒരു സമയത്ത് പൗരോഹിത്യത്തേയും പാരമ്പര്യത്തേയും വിട്ടെറിഞ്ഞവർ, വേർപെട്ടവരെന്ന് പറഞ്ഞ് നടന്നവർ ധനം, മാനം, പ്രശസ്തി എന്നിവ ലക്ഷ്യമാക്കി ഒരോരോ കളവ് പറഞ്ഞ് മടങ്ങിപ്പോകുന്നത് ഒരിക്കലും നീതികരിക്കുവാൻ കഴിയുന്നതല്ല. വളരെ വിചിത്രമായ വാദമാണ് പൗരോഹിത്യ വസ്ത്ര ധാരണത്തിനായി ഇവർ പറയുന്നത്. ഇൻഡ്യയിൽ വർദ്ധിച്ചു വരുന്ന അസഹിഷ്ണതയും അതു നിമിത്തം ഉളവാകുന്ന പീഡനങ്ങളിൽ നിന്നും രക്ഷ നേടുന്നതിനു വേണ്ടിയും ആണെന്നാണ്. പൗരോഹിത്യ ഭ്രമത്തിനും സ്ഥാന വസ്ത്രങ്ങൾക്കും അടിമപ്പെട്ടവർ കാലങ്ങളായി പ്രസംഗിച്ചു വരുന്ന ദൈവവചന സത്യങ്ങൾക്ക് വിരുദ്ധമായി മടങ്ങിപ്പോകുവാൻ ഒരോ

(ശേഷം പേജ് 6)

## ചർച്ച് ഓഫ് ഗോഡ്

# കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ പുരോഗമിക്കുന്നു



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് 95-ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ വച്ച് നടക്കും. കൺവൻഷൻ തീം റോമർ 12: 11-ന്റെ അടിസ്ഥാനത്തിൽ "ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ" എന്നതാണ്. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള രണ്ടാമത് ആലോചനാ യോഗം ദൈവസഭാ കേരളാ സ്റ്റേറ്റ് ഓവർസിയറുടെ അദ്ധ്യക്ഷതയിൽ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. യോഗത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, ബിലിവേഴ്സ് ബോർഡ് അംഗങ്ങൾ, മുൻ കൺവൻഷൻ കൺവീനേഴ്സ്, കമ്മറ്റി അംഗങ്ങൾ, സമീപ ഡിസ്ട്രിക്കുകളിലെ ശുശ്രൂഷകന്മാർ, വിശ്വാസികൾ, വിവിധ ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ, പുതിയതായി കൺവൻഷൻ കമ്മറ്റിയിൽ ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരെല്ലാം പങ്കെടുത്തു. 2017 സെപ്റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ തുടർച്ചയായി ഒരോ ദിവസവും കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനായി നടത്തിയ ക്രമീകരണം വളരെ ശക്തമായി മുന്നേറുന്നു. കഴിഞ്ഞ ആലോചനാ യോഗത്തിൽ കൺവൻഷന്റെ അനുഗ്രഹത്തിനായി ഒരോ ദിവസവും ഉപവസിക്കുവാൻ തീരുമാനിച്ചവരെ അവർ ഏറ്റെടുത്ത പ്രാർത്ഥന ദിനം ഓർമ്മിപ്പിക്കുവാൻ സ്റ്റേറ്റ് ഓഫിസിൽ നിന്നും വിളിക്കുമ്പോൾ ഏറ്റെടുത്തവരെല്ലാം അത് ഓർത്തിരിക്കുന്നുവെന്നും, ഒരോരുത്തരും തങ്ങളുടെ കർത്തവ്യം വളരെ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നു എന്നും ഓവർസിയർ പറഞ്ഞു. എല്ലാ കൺവൻഷൻ കൺവീനറുമാരും കമ്മറ്റി അംഗങ്ങളും ജനറൽ കൺവൻഷന്റെ പ്രഥമ ദിവസം മുതൽ സമാപന ദിവസം വരെ നിർബന്ധമായും കൺവൻഷനിൽ പങ്കെടുക്കണമെന്ന് സ്റ്റേറ്റ് ഓവർസിയർ ഓർമ്മിപ്പിച്ചു. ആർക്കെങ്കിലും അതിന് സാധിക്കുന്നില്ലായെങ്കിൽ അവർ കൺവൻഷൻ കമ്മറ്റിയിൽ ചേരുവാൻ പേര് തരുതെന്നും അദ്ദേഹം പ്രസ്താവിച്ചു. കൺവൻഷൻ ക്വയറിന് പാസ്റ്റർ വൈ ജോസ് നേതൃത്വം കൊടുക്കും. ദൈവസഭയിൽ പാടുവാൻ കഴിവുള്ളവർക്ക് അവസരം ലഭിക്കേണ്ടതിനും അവരെ വളർത്തിയെടുക്കേണ്ടതിനും ഈ അവസരം ഉപയോഗിക്കുമെന്ന് ഓവർസിയർ പ്രസ്താവിച്ചു. സെലിബ്രറ്റികളായ ഗായകരെ ഭീമമായ തുക കൊടുത്ത് ഒരു ദിവസത്തേക്ക് പാടിക്കുന്നതിലും നമ്മുടെ സഭകളിൽ കഴിവുള്ളവർക്ക് അവസരം ലഭി

(ശേഷം പേജ് 3)

# കർണ്ണാടക കൺവൻഷൻ സമാപിച്ചു




**ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് ജനറൽ കൺവെൻഷൻ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്യുന്നു.**

**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണ്ണാടകാ സ്റ്റേജ് ജനറൽ കൺവൻഷൻ ഒക്ടോബർ 18 മുതൽ 22 വരെ ലിംഗരാജപുരം കാമ്പസ് ക്രൂഡേസ് ഫോർ ക്രൈസ്റ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്തു. 'തിന്മകൾ നിറഞ്ഞ ലോകത്തിൽ നന്മയുടെ പ്രതീകമായ് ജീവിക്കുന്നവരെ ചേർക്കുവാനാണ് യേശുക്രിസ്തു വീണ്ടും വരുന്നത് എന്നതാണ് ക്രൈസ്തവ ജീവിതത്തിലെ പ്രത്യാശയെന്ന് പാസ്റ്റർ എം. കുഞ്ഞപ്പി പറഞ്ഞു. കർണാടക സ്റ്റേറ്റ് ജനറൽ കൺവെൻഷൻ സമാപന ദിന സംയുക്ത ആരാധനയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അമോസ് 4:12 അസ്പദമാക്കി 'നിന്റെ ദൈവത്തെ എതിരേല്പ്പാൻ ഒരുങ്ങിക്കൊള്ളുക' എന്ന വിഷയത്തെ ഉപദേശവിശുദ്ധി, ജീവിത വിശുദ്ധി, ആരാധന വിശുദ്ധി ഇവ മൂന്നും കാത്തു സൂക്ഷിക്കുന്നവർ മാത്രമേ കർത്താവിന്റെ വരവിൽ എടുക്കപേടുകയുള്ളു എന്ന് അദ്ദേഹം ഓർപ്പിച്ചു.

കൺവൻഷനിൽ ഏഷ്യൻ സൂപ്രണ്ട് കെൻ ആൻഡേഴ്സൺ ഡോ. റാച്ച് ഫോർഡ് പാസ്റ്റർമാരായ ബാബു ചെറിയാൻ, ഏബ്രഹാം വർഗീസ് (യു.എസ്.എ) സാജൻ മാത്യു, ജെയിംസ് കോശി (യു.കെ), സണ്ണി താഴാംപള്ളം (യു.എസ്.എ), റവ. വി.വി. അലക്സാണ്ടർ, ഡോ. ഷിബു സാമുവേൽ (യു.എസ്.എ) ഡോ. ഷിബു കെ.മാത്യു, ഡോ. ജോളി ജോസഫ് താഴാംപള്ളം (യുഎസ്എ) സിസ്റ്റർ ഷൈനി ഡാനിയേൽ (ഡൽഹി) എന്നിവർ വിവിധ സെഷനുകളിൽ ദൈവവചനം ശുശ്രൂഷിച്ചു.

ഐ.പി.സി കർണാടക പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി.തോമസ്, ക്രൈസ്തവ പത്രങ്ങളെ പ്രതിനിധികരിച്ച് ബി. സി.പി.എ പ്രസിഡന്റ് ചാക്കോ കെ.തോമസ്, എച്ച്.എം.ഐ കർണാടക കോർഡിനേറ്റർ പാസ്റ്റർ.ജോൺ മാത്യു, കെ.ആർ.പുരം അസംബ്ലി കോൺഗ്രസ് എം.എൽ.എ ബൈരതി ബസവരാജ് എന്നിവർ ആശംസകൾ അറിയിച്ചു. അമേരിക്കയിൽ നിന്ന് മിഷണറിമാരുടെ ഒരു സംഘം കൺവൻഷന്റെ ആദിയോടന്തം സംബന്ധിച്ചു. പാസ്റ്റേഴ് കോൺഫ്രൻസ്, വൈപി.ഇ സണ്ടേസ്കൂൾ പ്രോഗ്രാം, മിഷണറി കോൺഫ്രൻസ്, എൽ. എം. സമ്മേളനം, തിരുമേശ ശുശ്രൂഷയോടു കൂടി സംയുക്ത ആരാധന എന്നീ പ്രോഗ്രാമുകൾ നടന്നു. പാസ്റ്റർമാരായ ഇ.ജെ. ജോൺസൺ, വർഗീസ് കെ. തോമസ്, ജെയ്മോൻ കെ. ബാബു, ജോസഫ് ജോൺ എന്നിവർ രാത്രിയോഗങ്ങളിൽ അദ്ധ്യക്ഷന്മാരായിരുന്നു. ഓഫീസ് സെക്രട്ടറി ഇവ. ജോൺ പി. നൈനാൻ കൃതജ്ഞത രേഖപ്പെടുത്തി. ചർച്ച് ഓഫ് ഗോഡ് ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു.

**പ്രത്യേക ശ്രദ്ധയ്ക്ക്** : വരിസംഖ്യ അടയ്ക്കാത്തവർ ദയവായി വരിസംഖ്യ അടച്ച് സഹകരിക്കുക. അല്ലാത്തവർക്ക് അടുത്തലക്കം മുതൽ പത്രം അയ്ക്കുന്നതല്ല.

*മാനേജർ*

YUGANTHYA SANDHESHAM

**Patron**
Rev. Shaji K. Daniel
**Chief Editor**
Rev. Shibu K. Mathew B.D. M.Th.
**Managing Editor**
Rev. J. Joseph
**Manager**
Pr. Shaiju Thomas
**Editorial Director**
John P. Ninan
**Circulation Manager**
Jacob Itty
**Sub Editor**
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Shaji Idukki
Rev. Lovegi Mathews Elias B.D.
**Overseas Editors**
Rev. John Thomas, Houston
Rev. Joe Kurian, England
Rev. Nibu Vellavanthanam,
Rev. Joy Abraham U.A.E
**Advisory Board**
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
K. Abraham Konni
Rev. T. Thomas
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese

Rev. P. C Cherian
Viju Thomas, Dallas
**Co-ordinators**
**Kuwait**: A.V. Sunny
Mathew Daniel
**Abudhabi**: Rev. P.T Prasad
Thomas Ninan
Rev. Jose Mallissery
**Sharjah**: Rev. Jose George
**Doha**: Lalu Jacob
**Saudi Arabia**: C. C. Chacko
Saji Chacko
Philip Abraham
**England**: Rohit Joseph
**Canada**: Wilson Varghese
**Jamaica**: Mohan
**Florida**: Samjee Varghese
**Dallas**: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
**Houston**: James Samuel
**Tennassee**: Thomas Chacko
**Chicago**: Alex Ninan
**Detroit**: Roy Markose
**Philadelphia**: Jacob Varghese
**New Jersy**: Rev. Rajan Skaria
**New York**:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
**Okalahoma**: Wilson John

**Yuganthya Sandhesham**
P.O. Box - 66, Thiruvalla - 1
Ph : 0469-2602838
Mob : 9446532838
9447313709
ysandhesham@saintly.com

**പത്രാധിപലേഖനം**

# രൂപം മാറ്റുന്ന പെന്തക്കോസ്തുകാർ



ഡോ. ഷിബു കെ. മാത്യു

**പെ**ന്തക്കോസ്തുകാർക്ക് എന്നും തനതായ ഒരു ശൈലി ഉണ്ടായിരുന്നു. വേഷത്തിലും, ഭാവത്തിലും, ആരാധനയിലും എല്ലാം ആ ശൈലി അവർ നിലനിർത്തിയിരുന്നു. വേഷവും ഭാവവും കണ്ടാൽ പെന്തക്കോസ്തുകാരനെ തിരിച്ചറിയുന്ന ഒരു കാലം ഉണ്ടായിരുന്നു. എന്നാൽ ന്യൂജനറേഷൻ വിഭാഗങ്ങൾ ഉടലെടുത്തതിനുശേഷം ഉപദേശവിഷയത്തിലും ആരാധന രീതികളിലും വേദപുസ്തക വ്യാഖ്യാനത്തിലും കാതലായ വ്യത്യാസങ്ങൾ തങ്ങൾക്ക് ബോധിച്ച നിലയിൽ വരുത്തി. എന്നാൽ ന്യൂജനറേഷൻ വിഭാഗങ്ങളുടെ തള്ളിക്കയറ്റത്തിലും പെന്തക്കോസ്തിന്റെ തനിമ നിലനിർത്തുവാൻ സഭയ്ക്കും നേതാക്കന്മാർക്കും ഒരു പരിധിവരെ സാധിച്ചു. ഉപദേശ വിരുദ്ധരെ സഭകളിൽ നിന്നും പ്രോഗ്രാമുകളിൽ നിന്നും ഒരു പരിധിവരെ ഒഴിവാക്കുവാൻ പെന്തക്കോസ്തുകാർക്ക് കഴിഞ്ഞു. സഭകളിൽ ഉപദേശ പിശകുകാരെ പ്രവേശിപ്പിക്കരുതെന്നും പ്രോഗ്രാമുകൾ കൊടുക്കരുതെന്നും വിലക്കുവാനും ഇവിടെയുള്ള സംഘടനകൾ തന്റേടം കാണിച്ചിട്ടുണ്ട്. ധീരമായ നിലപാടുകൾ എടുത്ത പെന്തക്കോസ്തു നേതാക്കന്മാർ അതിന്റെ പേരിൽ ശക്തമായ എതിർപ്പുകളും നേരിടേണ്ടി വന്നിട്ടുണ്ട്.

പെന്തക്കോസ്തുകാർ ന്യൂജനറേഷൻ വിഭാഗങ്ങളെ അകറ്റി നിർത്തുവാൻ ശ്രമിക്കുന്തോറും പെന്തക്കോസ്തിന്റെ തനിമ നശിപ്പിക്കുവാൻ രഹസ്യ നീക്കങ്ങൾ ന്യൂജനറേഷൻ വിഭാഗങ്ങളിൽ നിന്നും ഉണ്ടായിക്കൊണ്ടിരുന്നു. അതിൽ ഒരു പരിധിവരെ അവർ വിജയിച്ചിരിക്കുകയാണ്. ഇന്ന് പെന്തക്കോസ്ത് സ്റ്റേജുകളിൽ ന്യൂജനറേഷൻ പ്രസംഗകർ കീഴ്പ്പെടുത്തിയിരിക്കുന്നു. പെന്തക്കോസ്തു നേതാക്കന്മാർ ന്യൂജനറേഷൻ നേതാക്കന്മാരുടെ വാതിലിൽ മുട്ടുന്ന ദാരുണ രംഗങ്ങൾ ഇന്ന് അരങ്ങേറുകയാണ്. ന്യൂജനറേഷൻ നേതാക്കന്മാരുടെ പണവും സ്വാധീനവും തങ്ങളുടെ സ്വാർത്ഥ താൽപര്യങ്ങൾക്കും ബിസിനസ് താൽപര്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുവാൻ പെന്തക്കോസ്ത് നേതാക്കന്മാർ തയ്യാറായപ്പോൾ തങ്ങളുടെ സ്റ്റേജുകൾ ന്യൂജനറേഷൻ നേതാക്കന്മാർക്കുവേണ്ടി ഉളുപ്പില്ലാതെ വിട്ടുകൊടുക്കേണ്ട ഗതികേടിലേക്ക് പെന്തക്കോസ്തുകാർ എത്തപ്പെട്ടിരിക്കുകയാണ്.

ന്യൂജനറേഷൻ വിഭാഗങ്ങൾക്ക് എന്നും തങ്ങളുടെതായ അജണ്ടകൾ ഉണ്ട്. പെന്തക്കോസ്ത് സ്റ്റേജുകൾ എന്നും അവരുടെ ലക്ഷ്യമാണ്. പെന്തക്കോസ്തു കൺവൻഷനുകളിലും കോൺ ഫ്രൻസുകളിലും പ്രസംഗിക്കുക, തങ്ങളുടെ രീതികളും ഉപദേശങ്ങളും പെന്തക്കോസ്തുകാരുടെ ഇടയിൽ പ്രചരിപ്പിക്കുക, പെന്തക്കോസ്തു നേതാക്കന്മാരുമായി ബന്ധങ്ങൾ സ്ഥാപിക്കുക തുടങ്ങി പല രഹസ്യ അജണ്ടകളും അവർക്കുണ്ട്.

ഇപ്പോൾ സ്ഥാനവസ്ത്രങ്ങളും, പൗരോഹിത്യ വസ്ത്രങ്ങളും ധരിച്ചു കൊണ്ട് ഇവർ രംഗത്ത് വന്നിരിക്കുകയാണ്. പ്രമുഖരായ ചില ന്യൂജനറേഷൻ ശുശ്രൂഷകന്മാർ ഓർഡിനേഷൻ ലഭിക്കുവാനും സമൂഹത്തിൽ അംഗീകാരം ലഭിക്കുവാനുമായി പൗരോഹിത്യ വസ്ത്രങ്ങൾ അണിഞ്ഞുകൊണ്ട് രംഗത്ത് വന്നുകൊണ്ടിരിക്കുകയാണ്. ജനത്തെ ചർദ്ദിപ്പിച്ച് കൈവിഷം പുറത്തുകളയുന്ന പ്രമുഖനും വാഹനങ്ങളുടെ നമ്പരും, ടെലിഫോൺ നമ്പരും നോക്കി പേരു പറഞ്ഞ് പ്രവചിക്കുന്ന പ്രവാകനും തുടങ്ങി പലരും ഓർഡിനേഷൻ ലഭിക്കുവാൻ വേണ്ടി പൗരോഹിത്യ സ്ഥാനവസ്ത്രങ്ങൾ ധരിച്ചുകൊണ്ട് രംഗത്ത് വന്നിരിക്കുകയാണ്.

പെന്തക്കോസ്ത് സഭകൾ ഉണരേണ്ടുന്ന സമയമാണിത്. സഭാ നേതാക്കന്മാർ തങ്ങളുടെ എല്ലാ വ്യക്തി താൽപര്യങ്ങളും മാറ്റിവച്ച് രംഗത്ത് വരേണ്ടുന്ന സമയമാണിത്. സഭകൾ ഇങ്ങനെ ഉള്ളവരെ ഒഴിവാക്കുവാൻ ശ്രദ്ധിക്കണം. തുടർന്നു വരുന്ന കീഴ്വഴക്കങ്ങളെയും പൈതൃകങ്ങളെയും മൂല്യങ്ങളെയും ബലികൊടുത്തിട്ട് തങ്ങളുടെ സ്റ്റേജുകൾ മറ്റുള്ളവർക്ക് മുന്നിൽ അടിയറവു വയ്ക്കുന്ന രീതികൾ വിട്ട് ഉപദേശ പിശകില്ലാത്തവരെയും പെന്തക്കോസ്തിന്റെ രീതിക്ക് യോജിക്കുന്നവരെയും നിർമ്മല സുവിശേഷം പ്രസംഗിക്കുന്നവരെയും, ഉപദേശത്തിൽ മായം ചേർക്കാത്തവരെയും നമുക്ക് പ്രോത്സാഹിപ്പിക്കാം.

# ജനാധിപത്യ ധ്വംസനത്തിന്റെ കപട രാഷ്ട്രീയം



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ
9447313709, 7561800305

**സ**മകാലിന കേരള രാഷ്ട്രീയത്തിൽ ഏറെ ചർച്ചകൾക്കും വിവാദങ്ങൾക്കും കാരണമായ ഒന്നാണ് കേരളത്തിലെ ഒരു മന്ത്രിയുടെ കായൽ കയ്യേറ്റവും അതിനോട് അനുബന്ധമായ സംഭവങ്ങളും. ആരോപണ പ്രത്യാരോപണങ്ങൾ കൊണ്ട് മുഖരിതമാണ് കേരളത്തിലെ സാമൂഹിക അന്തരീക്ഷം. മാധ്യമങ്ങൾ അത് ഏറ്റെടുത്തതിനാൽ ഏറെ വിവാദമായി മാറുകയും ചെയ്തു. ആരോപണ വിധേയനായ മന്ത്രി തന്റെ റിസോർട്ടിന് വേണ്ടി മാർത്താണ്ഡം കായൽ നികത്തിയെന്നതാണ്. ഈക്കാര്യം പുറത്തു വന്നപ്പോൾ മുതൽ മന്ത്രി ശക്തിയുക്തം ഇതിനെ എതിർക്കുന്നുണ്ടെങ്കിലും അനേകം തെളിവുകളാണ് മാധ്യമങ്ങൾ ഇതിനോടകം പുറത്ത് വിട്ടിരിക്കുന്നത്. ഈ ആരോപണത്തിന്റെ പേരിൽ ജില്ലാ കളക്ടർ അന്വേഷണം നടത്തുകയും അന്തിമ റിപ്പോർട്ട് മന്ത്രിസഭക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ ഒന്നും പ്രഖ്യാപിക്കാതെ കേരളത്തിൽ കേട്ടു കേൾവി പോലുമില്ലാത്ത വിധം സർക്കാർ നിയമോപദേശം തേടിയിരിക്കുകയാണ് ഇപ്പോൾ. ഇതിലൂടെ ജനാധിപത്യ കേരളത്തിന് അറിയേണ്ടത് ഒന്നു മാത്രം. നിയമം സംരക്ഷിക്കേണ്ട സർക്കാർ തന്നെ ഇത്തരം കയ്യേറ്റങ്ങളെ നിയമപരമായി സംരക്ഷിക്കുമ്പോൾ ആർക്കുവേണ്ടിയാണ് ജനാധിപത്യ സംവിധാനം എന്ന ചോദ്യം പ്രസക്തമാകുകയാണ്. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവർ, നിയമത്തിന്റെ കാവലാളുകളായ നിയമസഭാ സാമജികർതന്നെ നടത്തുന്ന നിയമ ലംഘനം സമൂഹമനസ്സാക്ഷിയെ നടുക്കുന്ന സംഭവങ്ങളുടെ തുടർച്ചയായി മാറുന്നു. അധികാര വർഗത്തിനെതിരെ ഒരു വാക്കുപോലും ഉച്ചരിക്കാൻ പാടില്ലാത്തവിധം ഇത്തരം ജനാധിപത്യ ധ്വംസനം ഇന്ത്യൻ ദേശീയതയായി അവതരിപ്പിക്കുകയാണ്. നിലവിൽ നമ്മുടെ രാജ്യത്ത് ഭരിക്കുന്നതിനുവേണ്ടി ജനാധിപത്യത്തിലൂടെ നാം തെരഞ്ഞെടുത്ത ഭരണകർത്താക്കൾ ഉണ്ട് എന്നത് ഓരോ ഇന്ത്യക്കാരന്റെയും യാഥാർഥ്യമായ ഒരു അനുഭവം മാത്രമാണ്. ഇവിടെ 'ഒരു ഭരണകൂടം ഉണ്ട്' എന്ന കാര്യത്തെ രാഷ്ട്രീയമായി അപഗ്രഥിച്ചാൽ കിട്ടുന്ന ഉത്തരം അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന അധികാരവർഗം, നമുക്ക് മുകളിൽ ശക്തമായി നിലയുറപ്പിച്ചിരിക്കുന്നൂ എന്നതുമാത്രമാണ്. നമ്മുടെ ഭരണകർത്താക്കൾ എന്നു പറയപ്പെടുന്ന അധികാരവർഗവും ഭരണകൂടവുമെല്ലാം കേവലം ബിംബങ്ങൾ മാത്രമാണ്. ഒരു സമാന്തര ഭരണകൂടം ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. സ്വേച്ഛാധിപത്യത്തിന്റെ പരിച്ഛേദമാണത്. അതിനെ നിയന്ത്രിക്കാൻ നിലവിലുള്ള നമ്മുടെ സംവിധാനങ്ങൾക്ക് അൽപം പോലും സാധിക്കുന്നില്ല. വിജ്ഞാനത്തിനു മുകളിൽ പൊതുസമൂഹം ആധിപത്യം സ്ഥാപിക്കപ്പെടുന്നത് ജനാധിപത്യ സംവിധാനത്തിൽ സർവസാധാരണമാണ്. ഏകപക്ഷീയമായ താൽപര്യങ്ങളും സ്വജനപക്ഷപാതവും അവിടെ ഉണ്ടാവില്ല. ഏറെ സംവാദാത്മകമാണ് ജനാധിപത്യം. നിരവധി സംവാദത്തിന്റെ വാതിലുകൾ തുറക്കപ്പെടുന്ന ഇടമാണത്. സ്വതന്ത്രമായ അഭിപ്രായങ്ങൾ അതിന്റെ നൈതികഭാവമാണ്. എന്നാൽ ക്രോണി ക്യാപിറ്റലിസം എന്ന കൗതുകപ്പേരിൽ അറിയപ്പെടുന്ന ചങ്ങാത്ത മുതലാളിത്വ രാഷ്ട്രീയം അതിന്റെ ഉച്ചസ്ഥായിയിൽ നിൽക്കുന്ന ഒരു രാജ്യത്ത് പാർലമെന്ററി ജനാധിപത്യം എങ്ങനെ പ്രഹസനമായിത്തീരും എന്നതാണ് ഇപ്പോൾ നാം കണ്ടുകൊണ്ടിരിക്കുന്നത്. പണമുള്ളവനും ഭരണാധികാര ശക്തികളും തമ്മിലുള്ള ചങ്ങാത്തമാണ് ക്രോണീ ക്യാപിറ്റലിസത്തിന്റെ അടിസ്ഥാനം. ഈ ചങ്ങാത്തത്തിലൂടെ ധനശക്തികളുടെ താല്പര്യം ഭരണാധികാര ശക്തികളും ഭരണാധികാര ശക്തികളുടെ താല്പര്യം ധനശക്തികളും പാരസ്പര്യ ബോധത്തോടെ നിർവഹിച്ചുകൊടുക്കുന്നു. മുതലാളിമാർക്ക് രാജ്യത്തേയും ജനങ്ങളേയും കൊള്ളയടിക്കാനുള്ള സൗകര്യം നിയമനിർമ്മാണത്തിലടക്കം ഭരണരാഷ്ട്രീയക്കാർ നിർവഹിച്ചു കൊടുക്കുന്നു. ഭരണരാഷ്ട്രീയം പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ സഹായഹസ്തം നീട്ടി ധനശക്തിക്കാർ ഓടിയെത്തുകയും ചെയ്യും. ഈ അവസ്ഥ ഒരു ഘട്ടം കടക്കുമ്പോൾ ഡെമോക്രസിയെ (ജനാധിപത്യം) പ്ലൂട്ടോക്രസി (പണം കൊണ്ടുള്ള ഭരണം), ക്ലെപ്ടോക്രസി (മോഷണം കൊണ്ടുള്ള ഭരണം) എന്നിവ ആരുമറിയാതെ പകരം വെക്കുന്നു. ഈ അവസ്ഥയിലേക്കാണിന്ന് നമ്മുടെ രാജ്യം കടന്നു പോകുന്നത്. രാഷ്ട്രീയ സ്വാധീനമുപയോഗിച്ചുള്ള മുതലാളിത്വത്തിന്റെ പകൽകൊള്ള. ഇത്തരം ഒരവസ്ഥയിൽ ഭൂരിപക്ഷമുണ്ടാക്കുക, ഭൂരിപക്ഷമില്ലാതാക്കുക,സർക്കാരിനെ അവരോധിക്കുക,സർക്കാരിനെ നിഷ്ക്കാസിതമാക്കുക തുടങ്ങിയവയുടേയൊക്കെ അവസാനവാക്ക് രാഷ്ട്രീയമോ ജനങ്ങളോ അല്ല, മറിച്ച് മൂലധനവും മുതലാളിത്തവുമാണ് എന്ന് വരും. ഇത്തരം സംവിധാനം സാധാരണ രാഷ്ട്രീയത്തിൽ മാത്രമല്ല.

പൗരബോധവും പങ്കാളിത്തവും ഉറപ്പാക്കുകയും നിയമനിർമാണസഭയും കാര്യ നിർവാഹക സമിതിയും നിയമ സംവിധാനവും മാധ്യമങ്ങളുമെല്ലാം സുതാര്യവും ക്രിയാത്മകവുമായി നിലനിൽക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിലാണ് വാസ്തവത്തിൽ ജനാധിപത്യം സജീവമാകുന്നത്. രാജ്യത്തെ മുഴുവനാളുകളും ഉത്തരവാദിത്തവും ബാധ്യതയും സംബന്ധിച്ച് ബോധമുള്ളവരാവുകയും രാഷ്ട്ര പുനർനിർമാണത്തിൽ തങ്ങളുടെ ഭാഗധേയം നിർവഹിക്കുകയും ചെയ്യുമ്പോഴാണ് ജനാധിപത്യം പ്രസക്തമാകുന്നത്. കേവലം തെരഞ്ഞെടുപ്പോ ഭരണ സംവിധാനങ്ങളോ താങ്ങി നിർത്തുന്നതിന് പകരം ഭരണത്തിന്റെ ഓരോ ഘട്ടങ്ങളിലും പൊതുജന പങ്കാളിത്തവും താൽപര്യങ്ങളുമാണ് പരിഗണിക്കുന്നത് എന്നതാണ് ഈ സംവിധാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. രാഷ്ട്രീയ തിമിരം ബാധിക്കാതെ സിവിൽ സൊസൈറ്റി ജാഗ്രത പാലിക്കുകയാണെങ്കിൽ ജനാധിപത്യ ക്രമത്തിൽ ക്രിയാത്മകമായി ഇടപെടുവാനും വഴി തെറ്റുന്ന നേതാക്കളേയും രാഷ്ട്രീയ സംവിധാനങ്ങളേയും നിയമത്തിന്റെ വഴിക്ക് കൊണ്ടുവരുവാനും കഴിയുമൊണ് സമകാലിക സംഭവവികാസങ്ങൾ നൽകുന്ന സൂചന. എന്നാൽ ജനാധിപത്യം പണാധിപത്യത്തിനോ സങ്കുചിത രാഷ്ട്രീയ താൽപര്യത്തിനോ വഴി മാറുമ്പോൾ രാജ്യ താൽപര്യങ്ങളേക്കാളെറെ കോർപറേറ്റ് താൽപര്യങ്ങളാണ് കൂടുതൽ സംരക്ഷിക്കപ്പെടുക. അഴിമതിയും സ്വജനപക്ഷപാതിത്വവും നിരാകരിക്കുകയും സുതാര്യമായ ഭരണവും വികസന പ്രക്രിയയിലെ ജനപങ്കാളിത്തവുമാണ് ജനാധിപത്യം പ്രയോഗവൽക്കരിക്കേണ്ടത്. ജനാധിപത്യം കേവലമൊരു രാഷ്ട്രീയ പ്രത്യയശാസ്തമല്ല. അതൊരു മനോഭാവവും സമീപനവുമാണ്. ജനാധിപത്യം നിധിപോലെ കാത്തു സൂക്ഷിക്കേണ്ട സ്വാതന്ത്ര്യമാണ്. ഭരണാധികാരികളും മന്ത്രിമാരുമെല്ലാം സ്നേഹാദരവുകൾ പിടിച്ചു പറ്റുന്നത് രാഷ്ട്രീയ പക്ഷപാതിത്വം കൊണ്ടല്ല മറിച്ച് കർമഫലത്താലും ജനോപകാര പ്രദമായ വിഷയങ്ങളിലെ സമീപനവും കൊണ്ടാണ്. ജനാധിപത്യത്തെ മുഖം മൂടിയാക്കി ഭരണാധികാരികളും ജനങ്ങളും തമ്മിലുള്ള അന്തരവും അകൽച്ചയും വർദ്ധിപ്പിക്കുവാനുള്ള തന്ത്രങ്ങൾ

(ശേഷം പേജ് 6)

# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05 - 11 - 2017

വാല്യം – 13 ലക്കം: 11 നവംബർ 2017 Annual Subscription RS. 100/-


## പ്രെയർ ബോർഡ് പത്തനംതിട്ട ഏരിയ പ്രാർത്ഥനാസംഗമം



ചർച്ച് ഓഫ് ഗോഡ് പ്രെയർ ബോർഡ് പത്തനംതിട്ട ഏരിയ പ്രാർത്ഥനാസംഗമത്തിൽ ഡയറക്ടർ പാസ്റ്റർ വി.പി.തോമസ് പ്രസംഗിക്കുന്നു.

കോട്ടയം: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് പ്രെയർ ബോർഡിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ഏരിയ പ്രാർത്ഥനാസംഗമം കോന്നി ദൈവസഭാ ഹാളിൽ നടന്നു.

പ്രെയർ ബോർഡ് ഡയറക്ടർ പാസ്റ്റർ വി.പി.തോമസ്, ജോയിന്റ് ഡയറക്ടർ പാസ്റ്റർ ഇ.എസ്. ജോൺ എന്നിവർ വചനശുശ്രൂഷ നടത്തി. ട്രഷറർ പാസ്റ്റർ ജോൺ ജോസഫ് പി., ജോയിന്റ് സെക്രട്ടറി പാസ്റ്റർ വർഗീസ് ഈപ്പൻ, ബോർഡ് അംഗങ്ങളായ പാസ്റ്റേഴ്സ് തോമസ് ജോർജ്, ജോർജ് തോമസ്, കെ.എ.ജയിംസ്, ഡിസ്ട്രിക്ട് പാസ്റ്റർമാരായ ജോസഫ് സാം, വർഗീസ് ഏബ്രഹാം, വർഗീസ് വി. ജോൺ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. പാസ്റ്റർ കെ.എ. ഡേവിഡ് ഗാനശുശ്രൂഷ നയിച്ചു.

## ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**പാസ്റ്റർ സി ബേബിച്ചൻ**
*(മീഡിയ ഡയറക്ടർ)*

**പാക്കിൽ :** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ പ്രത്യാശ നഗർ കൺവൻഷൻ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടും. സ്വദേശത്തും വിദേശത്തുമുള്ള ആയിരക്കണക്കിന് വിശ്വാസികളും ശുശ്രൂഷകന്മാരും കൺവൻഷനിൽ സംബന്ധിക്കും. ഒരാഴ്ച്ച നീണ്ടു നിൽക്കുന്ന കൺവൻഷന്റെ അനുഗ്രഹത്തിനും വിജയകരമായ നടത്തിപ്പിനുവേണ്ടി 2017 നവംബർ 6 മുതൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിലുള്ള ശുശ്രൂഷകന്മാരും വിശ്വാസികളും ഉപവസിച്ച് പ്രർത്ഥിക്കും. കൺവൻഷന്റെ വിപുലമായ നടത്തിപ്പിനായി വിവിധ കമ്മറ്റികൾ ദൈവസഭ ഓവർസിയർ റവ കെ.സി സണ്ണിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അലോചന മിറ്റിങ്ങിൽ ചുമതലപ്പെടുത്തി കൂടുതൽ ആളുകളെ കമ്മറ്റിയിൽ ഉൾപ്പെടുത്തുന്നതിനായി നവംബർ മാസം വിണ്ടും കമ്മറ്റി വിളിക്കുവാൻ തിരുമാനിച്ചിരിക്കുന്നു.

## ചർച്ച് ഓഫ് ഗോഡ് കോട്ടയം ഈസ്റ്റ് ഡിസ്ട്രിക്ട് കൺവൻഷൻ

കോട്ടയം: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കോട്ടയം ഈസ്റ്റ് ഡിസ്ട്രിക് കൺവൻഷൻ നവംബർ 30 മുതൽ ഡിസംബർ മൂന്നു വരെ അഞ്ചേരി കൈതേപ്പാലം ജംക്ഷനു സമീപം നടക്കും. നവംബർ 30, ഡിസംബർ 1, 2 തീയതികളിൽ വൈകിട്ട് 5.30 മുതൽ ഒൻപതു വരെയാണു കൺവൻഷൻ. ഡിസ്ട്രിക് പാസ്റ്റർ വി.പി.തോമസ് ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർമാരായ റെജി ശാസ്താംകോട്ട, ബി.മോനച്ചൻ, അജി ആന്റണി എന്നിവർ വചനപ്രഭാഷണം നടത്തും. ഡിസംബർ മൂന്നിനു രാവിലെ 9.30 മുതൽ 12.30 വരെ സംയുക്ത ആരാധന നടക്കും. മാങ്ങാനം ബേർശേബാ വോയ്സ് ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകുമെന്നു പബ്ലിസിറ്റി കൺവീനർമാരായ പാസ്റ്റർ വൈ.മോനി, പാസ്റ്റർ ഏബ്രഹാം സ്കറിയ എന്നിവർ അറിയിച്ചു.

## ഐ.പി.സി.മലബാർ മേഖല കൺവൻഷൻ നവം.15 മുതൽ

നിലമ്പൂർ: മലബാറിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സംഗമമായ ഐ.പി.സി.മലബാർ മേഖല കൺവൻഷൻ 2017 നവംബർ 15 ബുധൻ മുതൽ 19 ഞായർ വരെ നിലമ്പൂർ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ സെമിനാരി ഗ്രൗണ്ടിൽ നടക്കും. 15 ന് ബുധനാഴ്ച വൈകിട്ട് 6.30ന് പാസ്റ്റർ വി.ജെ.ജോർജ് ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ വിൽസൺ ജോസഫ്, ഷിബു നെടുവേലിൽ, രാജു പൂവക്കാല, ഫിലിപ്പ് പി.തോമസ്, ജോൺ ജോർജ്, ശമുവേൽ ജോൺ, സ്റ്റാൻലി ദാനിയേൽ, വർഗീസ് ഏബ്രഹാം, കെ.എ.എ ബ്രഹാം, കെ.എം ജോർജ് എന്നിവർ രാത്രി യോഗങ്ങളിലും വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് നടക്കുന്ന സോദരി സമ്മേളനത്തിൽ സിസ്റ്റർ സൂസൺ തോമസ്, ശനിയാഴ്ച പകൽ യുവജന സമ്മേളനത്തിൽ പാസ്റ്റർ വി.പി.ഫിലിപ്പ് എന്നിവരും പ്രസംഗിക്കും. എല്ലാ ദിവസവും പകൽ ശുശ്രൂഷകാ സമ്മേളനം, പവർ കോൺഫറൻസ് എന്നിവയും നടക്കും. ഞായറാഴ്ച നടക്കുന്ന സംയുക്താരാധനയിൽ തിരുവത്താഴ ശുശ്രൂഷയും നടക്കും. പത്തനാപുരം ശാലേം വോയിസ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. പാസ്റ്റർ ജോൺ ജോർജ് (പ്രസിഡണ്ട്), പാസ്റ്റർ ബിജോയ് കുര്യാക്കോസ്(സെക്രട്ടറി), ജോർജ് തോമസ് (ട്രഷറാർ), പാസ്റ്റർ കെ.സി. ഉമ്മൻ(ജന. കോഡിനേറ്റർ) എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് നേതൃത്വം നല്കുന്നത്. ഐ.പി.സി മലബാർ മേഖലയുടെ കീഴിൽ 30 സെന്ററുകളിലായി 534 സഭകളാണ് ഉള്ളത്.

## വചനഘോഷണവും സംഗീതവിരുന്നും

തൃശൂർ: വേൾഡ് വൈഡ് മിഷണറി മൂവ്മെന്റ് ഇന്ത്യ-പൂമല ഡാം സഭയുടെ ആഭിമുഖ്യത്തിൽ 2017 നവംബർ 17,18,19 തീയതികളിൽ വൈകിട്ട് 6 മുതൽ 9 വരെ സുവിശേഷയോഗങ്ങൾ നടത്തുന്നു.

ഡബ്ല്യൂ എം.എം. ഇന്ത്യ ജനറൽ സെക്രട്ടറി പാസ്റ്റർ സുകുമാർ ജയ്സിംഗ്, ചെന്നൈ വചനം പ്രസംഗിക്കും. പാസ്റ്റർ ജയ്പോൾ ചൂളമടിച്ച് ഗാനങ്ങളാലപിക്കും. പാസ്റ്റർ ജോസ് പാലക്കാട് വർഷിപ്പ് ലീഡ് ചെയ്യും.

## യുഗവീക്ഷണം

## ഇരിക്കുന്ന കൊമ്പ് മുറിക്കുകയും, ആ കൊമ്പിൽത്തന്നെയിരുന്ന് 'സെൽഫി' എടുക്കുകയും ചെയ്യുന്നവർ!!!



**സാം.ടി.മൈക്കിൾ, ഇളമ്പൽ**

സഹപാഠി മുങ്ങിത്താഴുന്നതറിയാതെ സെൽഫിയെടുത്ത് രസിച്ച കൂട്ടുകാരെക്കുറിച്ചുള്ള ഒരു പത്ര വാർത്ത കാണുവാനിടയായി. ബംഗളുരുവിലെ ഒരു പാഠശാലയിൽ നിന്നുള്ള കുറെ കുട്ടികൾ ജലാശയത്തിലിറങ്ങി നിന്ന് സെൽഫിയെടുക്കുന്നതിനിടെയായിരുന്നു മേൽപ്പറഞ്ഞ ദാരുണ സംഭവം. ചിത്രം പകർത്തുന്നതിനിടയിൽ സ്വന്തം കൂട്ടുകാരൻ പിന്നിൽ ജീവനുവേണ്ടി പിടയുന്നത് കൂട്ടുകാരാരും അറിയാതെപോയി.എന്തായാലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നത് ഭൂഷണമല്ല.

അപകടം പിടിച്ച സ്ഥലങ്ങളിൽ നിന്ന് സ്വന്തം ചിത്രം ഫോണിൽ പകർത്തുന്നതിനിടെ, ഇത്തരത്തിൽ ദുരന്തത്തിൽപ്പെട്ട നിരവധിയാളുകളെക്കുറിച്ചു ദൃശ്യമാധ്യമങ്ങളിലൂടെയും, മറ്റു സമൂഹ മാധ്യമങ്ങളിലൂടെയും ഇതിനോടകം തന്നെ ധാരാളം വാർത്തകൾ പുറത്തു വന്നിട്ടുണ്ട്. നമ്മുടെ നാട്ടിൽ മേൽപ്പറഞ്ഞ വിധം വാർത്തകൾ വന്നുകൊണ്ടിരിക്കുമ്പോഴും, ഇത്തരത്തിൽ 'സെൽഫി'എടുക്കാൻ വെമ്പൽ കൊള്ളുന്നവർ ഇനിയുമുണ്ടെന്നാണ് കരുതുന്നത് .കെട്ടിടത്തിന് മുകളിൽ നിന്നും ,ഉയർന്ന സ്ഥലങ്ങളിൽ നിന്നും ,വാഹനം ഓടിക്കുന്നതിനിടയിലും,കടൽത്തീരത്തു നിന്നും എന്ന് വേണ്ടാ കടന്നൽക്കൂടിനു മുന്നിൽ നിന്നുപോലും സ്വന്തം ചിത്രമെടുക്കുന്നതും ,സമൂഹ മാധ്യമങ്ങളിൽ 'ലൈവിൽ',വരുന്നതുമൊക്കെ സാഹസികമായി കരുതുന്നവരുണ്ടാകാം .എന്നാൽ ഇത്തരക്കാർ അറിയുന്നില്ല കാൽച്ചുവട്ടിലെ ദുരന്ത മുഖങ്ങൾ.

കുറെ നാളുകൾക്കു മുൻപ് ഇത്തരത്തിൽ മറ്റൊരു വാർത്ത സമൂഹ മനഃസാക്ഷിയെ സ്പർശിച്ചിരുന്നു. വഴിയിൽ അപകടത്തിൽപ്പെട്ടു കിടന്ന ഒരാളിനെ രക്ഷിക്കുന്നതിന് പകരം, അവിടെ നിന്ന പലരും സ്വന്തം ഫോണിലെ കാമറയിൽ ആ ദാരുണ ദൃശ്യം പകർത്തിയതിനെക്കുറിച്ചായിരുന്നു അന്നത്തെ കുറിപ്പ് .തക്ക സമയത്തു വൈദ്യ സഹായം ലഭിക്കാതെ, രക്തം വാർന്നു ഒരു വിലപ്പെട്ട ജീവൻ പൊലിഞ്ഞതിനെക്കുറിച്ച അന്ന് വന്ന വാർത്തയും ഏറെ ഹൃദയ ഭേദകമായിരുന്നു. ചിത്രമെടുക്കാൻ മെനക്കെട്ടു നിന്ന ആരെങ്കിലും ഒരാൾ, ആ സമയങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താനോ,പ്രഥമശുശ്രൂഷക്കുള്ള എന്തെങ്കിലും കാര്യങ്ങൾക്കോ തുനിഞ്ഞിരുന്നെങ്കിൽ ഇത്തരത്തിൽ ഒരു വാർത്തയേ ഉണ്ടാകുമായിരുന്നില്ല. ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ സമൂഹത്തെ പുരോഗതിയുടെ നെറുകയിലെത്തിച്ചിട്ടുണ്ടെങ്കിലും, പലയിടത്തും മനുഷ്യത്വം അതിനനുസരിച്ചുയരുന്നില്ലെന്ന് ആരോ പറഞ്ഞതോർക്കുന്നു.

അവസരത്തിലും, അനവസരത്തിലും മേല്പറഞ്ഞപോലെ ഫോണിൽ സെൽഫിയെടുക്കുന്നവരറിയണം, പലപ്പോഴും കാൽച്ചുവട്ടിൽ അപകടങ്ങൾ പതിയിരിക്കുന്നുണ്ടെന്നു. അവർ ആ ചിത്രത്തിന് ലഭിക്കുന്ന 'ലൈക്കും' 'കമന്റും ' 'ഷെയറും', മാത്രമേ ഒരുപക്ഷെ ലക്ഷ്യം വക്കാറുള്ളൂ. ഇതൊന്നും ഒരു സാഹസിക പ്രവർത്തിയേ അല്ല, മറിച്ചു ശുദ്ധ മണ്ടത്തരമാണെന്നും മനസ്സിലാക്കാറില്ല. ഇതിനൊക്കെ കളയുന്ന സമയം, സമൂഹത്തിനോ നാടിനോ ഒക്കെ വേണ്ടി എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചാൽ അതാകും ഏറെ നന്ന്. ഏതു നൂതന സംവിധാനങ്ങളായാലും ശരി, പക്വതയാർന്ന ഉപയോഗം കുട്ടികളെ ശീലിപ്പിക്കേണ്ടതാണ്. അതിനു വേണ്ട നിർദ്ദേശങ്ങൾ നൽകണം. അതിനു മാതാപിതാക്കളും, അദ്ധ്യാപകരും, മുതിർന്നവരുമൊക്കെ കൂട്ടായ ശ്രമങ്ങൾ നടത്തേണ്ടതുമാണ്.

## പുതിയ പ്രവർത്തനം ആരംഭിച്ചു



**ബാംഗ്ലൂർ സർജാപുരാ റോഡിൽ ഇബ്ലൂർ ഗ്രാമത്തിൽ ആരാധനക്കായി പണിത കൂടാരം ഡിസ്ട്രിക്ട് പാസ്റ്റർ ഇ.ജെ. ജോൺസൺ പ്രാർത്ഥിച്ച് പ്രതിഷ്ഠിക്കുന്നു.**

## കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ

*(1-ാം പേജ് തുടർച്ച)*

ക്കുന്നതായിരിക്കും ഏറ്റവും നല്ലതെന്ന് അഭിപ്രായവും അദ്ദേഹം പറഞ്ഞു. ഗാനശുശ്രൂഷ ഏറ്റവും നല്ല രീതിയിൽ നടക്കേണ്ടതിനായി തികഞ്ഞ മുന്നൊരുക്കം ഉണ്ടായിരിക്കണം എന്നും, അതിനു വേണ്ടി ഏറ്റവും അടുത്ത ദിവസം മുതൽ ഗാനപരിശീലനം ആരംഭിക്കണം എന്നും, ആ പരിശീലന പരിപാടിയിൽ സംബന്ധിക്കുവാൻ കഴിയാത്തവർ ഗാനശുശ്രൂഷയിൽ മാറി നിൽക്കണമെന്നും ഓവർസിയർ ഉപദേശിച്ചു. 2018 ജനുവരി 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസ പ്രാർത്ഥന നടക്കും. ഓവർസിയറുടെ ഈ പ്രസ്താവനയെ വലിയ ആവേശത്തോടെയാണ് ഏവരും ഏറ്റെടുത്തത്. കൺവൻഷനിൽ സ്വദേശത്തും വിദേശത്തുമുള്ള അനേകം ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും.

കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും. പാസ്റ്റർമാരായ ജെ. ജോസഫ്, വൈ. റെജി, ജോൺസൻ ദാനിയേൽ എന്നിവർ നേതൃത്വം നല്കി. കൺവൻഷന്റെ അടുത്ത ആലോചനാ യോഗം നവംബർ 21ന് മുളക്കുഴയിൽ നടക്കും.

# വൈ.പി.ഇ. മലബാർ ക്യാമ്പ് സമാപിച്ചു

**ബത്തേരി(വയനാട്):** ഇന്ത്യ പൂർണ സുവിശേഷ ദൈവ സഭ കേരളാ സ്റ്റേറ്റിന്റെ യുവജനവിഭാഗമായ വൈ പി ഇ മലബാർ ക്യാമ്പ് സമാപിച്ചു. സുൽത്താൻ ബത്തേരി പ്രതീക്ഷ പാസ്റ്ററൽ സെന്ററിൽ നടന്ന ക്യാമ്പിൽ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 220 പേർ പങ്കെടുത്തു. അനേകം യുവതി യുവാക്കൾ ദൈവത്തിനായി സമർപ്പിച്ചു. ക്യാമ്പ് മലബാറിലെ ദൈവസഭയുടെ പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവ്വ് നൽകിയിരിക്കുകയാണ്.




വൈ പി ഇ മലബാർ ക്യാമ്പ് സംസ്ഥാന അധ്യക്ഷൻ പാസ്റ്റർ എ.റ്റി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

29 ന് രാവിലെ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി ബ്ര. മാത്യു ബേബി അധ്യക്ഷത വഹിക്കുകയും സംസ്ഥാന അധ്യക്ഷൻ പാസ്റ്റർ എ. റ്റി ജോസഫ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ റോബിൻ സി റോയ് സ്വാഗതവും. പാസ്റ്റർ സി. ഐ തോമസ് നന്ദിയും അറിയിച്ചു. സ്റ്റേറ്റ് ട്രഷറാർ ടോം ടി ജോർജ്ജ് സങ്കീർത്തനം വായിച്ചു. തുടർന്ന് വിവിധ സെഷനുകളിലായി ബ്ര. സജിൻ ബാംഗ്ലൂർ, റവ. ജോൺസൻ തേക്കടി, പാസ്റ്റർ തോമസ് മാത്യു സി കോട്ടയം, പാസ്റ്റർ അഭിലാഷ് എ പി,തിരുവനന്തപുരം ബ്രദർ അലൻ എന്നിവർ ക്ളാസുകൾ നയിച്ചു. കുട്ടികൾക്കായി പ്രത്യേക പ്രോഗ്രാമുകളും ഗെയ്മുകളും ഉണ്ടായിരുന്നു. ക്യാമ്പ് കോർഡിനേറ്റർ പാസ്റ്റർ ജെയിംസ് പി ജെ ഡിസ്ട്രിക്ട് പാസ്റ്റർമാരായ വി ടി എബ്രഹാം, ക്രിസ്റ്റഫർ ടി രാജു, ജോജി മിഖായേൽ, ബാബുകുട്ടി, ഇമ്മാനുവേൽ , ബിനു കെ. ചെറിയാൻ തുങ്ങിയവർ പ്രസംഗിച്ചു.

പാസ്റ്റർ ഡെന്നിസ് വർഗീസ്, പാ:ഗ്ലാഡ്സൺ ജോൺ തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജിജി വിറ്റി, ജെബ്ബേസ്, റോഹൻ റോയി എന്നിവരുടെ നേതൃത്വത്തിൽ വൈ.പി.ഇ സ്റ്റേറ്റ് ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർമാരായ കെ.വി ജോസഫും, റെജി ടി രാജും പ്രാർത്ഥനാ സെഷൻസ് നയിച്ചു. 30 ന് നടന സമാപന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് പാ: എ. റ്റി ജോസഫ് സമാപന സന്ദേശം നൽകി. എസ്. എസ്. എൽ. സി പ്ലസ്സ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു.

പാ: ഷാജി സിസിലിന്റെ നേതൃത്വത്തിൽ സോണൽ കമ്മറ്റിയും. വൈ.പി. ഇ സ്റ്റേറ്റ് ബോർഡും ക്യാമ്പിന് നേതൃത്വം നൽകി.

# സ്പിരിച്ച്വൽ മീറ്റിംഗ്




മുംബൈ: കല്ല്യാണിലും സമീപപ്രദേശങ്ങളിലുമുള്ള വിശ്വാസ ഐക്യമുള്ള സഹോദരിമാർ നടത്തിവരുന്ന യുണൈറ്റഡ് ലേഡീസ് സ്പിരിച്ച്വൽ മീറ്റിംഗിന്റെ രണ്ടാമത് വാർഷികസമ്മേളനം ഒക്ടോബർ 28 ശനിയാഴ്ച രാവിലെ 10 മുതൽ 4 വരെ നടന്നു. പാസ്റ്റർ സജി സി. ചാക്കോ ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ ഏബ്രഹാം ജോൺ ബൈബിൾ സ്റ്റഡിക്ക് നേതൃത്വം കൊടുത്തു. സിസ്റ്റർ മറിയാമ്മ ജോൺ റിപ്പോർട്ട് അവതരണം നടത്തി. സിസ്റ്റേഴ്സ് സാലി ഏബ്രഹാം, വിൽമ, ജോളി എന്നിവർ സാക്ഷ്യങ്ങൾ പ്രസ്താവിച്ചു. സഹോദരിമാരുടെ വിവിധ പ്രോഗ്രാമുകളും ഉണ്ടായിരുന്നു. ബ്രദർ ബിൻസൺ കൊടുവേലിൽ സിസ്റ്റർ ലിസി ഫീലിപ്പോസ് എന്നിവർ പരിഭാഷ നിർവഹിച്ചു.

# ആക്ട് സാഹിത്യ പുരസ്കാരം എൻട്രികൾ ക്ഷണിക്കുന്നു

കോട്ടയം: ക്രിസ്തീയ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സ് (ACT) 2016-ലെ മികച്ച രചനകൾക്ക് പുരസ്കാരം നല്കുന്നു. 2016-ൽ ക്രൈസ്തവ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള ആദ്ധ്യാത്മിക ലേഖനം, സാമൂഹിക പ്രാധാന്യമുള്ള ലേഖനം, ന്യൂസ് സ്റ്റോറി, ലേ ഔട്ട് എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി ഏറ്റവും മികവ് പുലർത്തുന്ന രചനയ്ക്കായിരിക്കും സമ്മാനം നൽകുക. ഓരോ വിഭാഗത്തിലും 5000 രൂപ വീതമായിരിക്കും അവാർഡ് തുക. എഴുത്തുകാർക്കും പ്രസിദ്ധീകരണത്തിനും എൻട്രികൾ അയയ്ക്കാം. ഒരാൾക്ക് രണ്ട് രചനകൾ വീതം അയ്ക്കാം. ഓരോ രചനയുടെയും 3 കോപ്പികൾ വീതം അയ്ക്കാം. പ്രസിദ്ധീകരിച്ച ആനുകാലികത്തിന്റെ ഒറിജിനലോ ഫോട്ടോ കോപ്പിയോ അയ്ക്കാം. വിദേശ മലയാളികൾക്കും പങ്കെടുക്കാം.
അയ്ക്കേണ്ട വിലാസം : Raju Anikkad, Mukkooril House, Anikkad P.O., Mallappally 689 585, Pathanamthitta Dist. Ph: 94461872017










# കർണാടക കൺവൻഷൻ ദൃശ്യം ക്യാമറ കണ്ണുകളിലൂടെ...



തിരുവത്താഴ ശുശ്രൂഷയ്ക്ക് സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി, സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ തോമസ് പോൾ, കൗൺസിൽ സെക്രട്ടറി പാസ്റ്റർ ഇ.ജെ. ജോൺസൺ എന്നിവർ നേതൃത്വം കൊടുക്കുന്നു.



പ്രൗഢഗംഭീരമായ സദസ്സ്



റവ. കെൻ ആൻഡേഴ്സൻ




എൽ.എം. സ്റ്റേറ്റ് ബോർഡ് അംഗങ്ങൾ സംസ്ഥാന പ്രസിഡന്റ് സിസ്റ്റർ അന്നമ്മ കുഞ്ഞപ്പിയോടൊപ്പം



പാസ്റ്റർ ബാബു ചെറിയാൻ



ഡോ. ഷിബു കെ. മാത്യു



ഡോ. ഷിബു സാമുവേൽ



റവ. വി.വി. അലക്സാണ്ടർ



റവ. ഏബ്രഹാം വർഗീസ്



ഡോ. റാച്ച് ഫോർഡ്



റവ. സണ്ണി താഴംപള്ളം



റവ. ജെയിംസ് കോശി



റവ. സാജൻ മാത്യു മാവേലിക്കര



ഡോ. ജോളി താഴംപള്ളം



സിസ്റ്റർ ഷൈനി ദാനിയേൽ

## ക്രൂസേഡ്



**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണ്ണാടകാ സ്റ്റേറ്റ് ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ബലാസ്വാലയായിൽ വച്ച് ക്രൂസേഡ് നടന്നു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ വിജീഷ്കുമാർ പരിഭാഷ നിർവഹിച്ചു. ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ ഇ.ജെ. ജോൺസൺ, സെക്രട്ടറി പാസ്റ്റർ ബിനു ചെറിയാൻ, പാസ്റ്റർ ഫ്രാൻസി എന്നിവർ ക്രൂസേഡിന് നേതൃത്വം കൊടുത്തു.




സുവിശേഷീകരണത്തിനായി ദോഹ ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റിന് സ്പോൺസർ ചെയ്ത സൗണ്ട് സിസ്റ്റം തമിഴ്നാട് ഓവർസീയർ റവ. ജ്ഞാനദാസ് പ്രാർത്ഥിച്ച് സമർപ്പിക്കുന്നു. മിഷൻ കോർഡിനേറ്റർ പാസ്റ്റർ ജെയ്മോൻ കെ. ബാബു, സെക്രട്ടറി ബ്രദർ ജോർജ് മാമ്മൻ എന്നിവർ സമീപം.

# എബ്രായ ലേഖനം ഒരു പഠനം 8



പാസ്റ്റർ ജോൺസൺ ജോർജ്
+919207131095

എബ്രായ ലേഖനം ഒന്നാം അദ്ധ്യായത്തിന്റെ ആദ്യ നാലു വാക്യങ്ങളിൽ ക്രിസ്തുവിന്റെ ആളത്ത പരവും ക്രിയാപരവുമായ ശ്രേഷ്ഠതകളാണ് വിവരിക്കുന്നത് . നാലാം വാക്യത്തിലെ വിശിഷ്ടമായ നാമം ശ്രേഷ്ഠനായത്തിത്തീർന്നു എന്നി പദങ്ങൾ ക്രിസ്തുവിന്റെ നിസ്തുല്യതയാണ് സൂചിപ്പിക്കുന്നത്. ഇവിടെ പ്രതിപാദിക്കുന്ന എട്ടു ക്രിസ്തു മാഹാത്മ്യങ്ങളും മനുഷ്യരോടുള്ള ദൈവത്തിന്റെ അദമ്യമായ സ്നേഹവും കരുതലും വിളിച്ചോതുന്നവയാണ് . ഇക്കാണായ പ്രപഞ്ചവും അതിലുള്ള സകലവും ദൈവം സൃഷ്ടിച്ചത് മനുഷ്യനുവേണ്ടിയാണ് . ദൈവസൃഷ്ടിയുടെ വെണ്കിരീടവും രാജാവുമായിരുന്ന മനുഷ്യൻ മനപ്പൂർവ്വമായുള്ള വീഴ്ച്ചയിലും അവനെ കൈവിടാതെ പൂർവ്വാവസ്ഥയിലേക്ക് തിരികെ കൊണ്ടുപോകുവാൻ ക്രിസ്തു മുഖാന്തരം ദൈവം ചെയ്ത പ്രവർത്തികളുടെ വൃത്താന്തമാണ് ഈ ആശയങ്ങളിൽ ലേഖനകരാൻ ക്രോഡീകരിക്കുന്നത്. മനുഷ്യ വീണ്ടെടുപ്പിനു തികഞ്ഞ യോഗ്യതകളും അത് നിർവഹിക്കുന്നതിനാവശ്യമായ തികഞ്ഞ പ്രവർത്തികളും ആനുപാതികമായി ഒത്തിണങ്ങിയ ഒരു വ്യക്തിയുടെ അനിവാര്യത യുക്തിബോധമുള്ള ആരും തള്ളിക്കളയുകയില്ല മാനവ ചരിത്രത്തെ ആകമാനം അപദ്ഗ്രഥിച്ചത് അങ്ങനെയുള്ള ഒരേഒരു അളത്തം കർത്താവായ യേശുക്രിസ്തു മാത്രമാണ്. സംയുക്തികമായ ആ യാഥാർഥ്യം സ്പഷ്ടമാക്കിക്കൊണ്ട് ലേഖനം സമാരംഭിക്കുന്നു.

1. ക്രിസ്തു ദൈവത്തിന്റെ അരുളപ്പാടിന്റെ അതിശ്രേഷ്ഠമായ മുഖാന്തരം (വാക്യം 1,2) ദൈവം പണ്ട് ഭാഗം ഭാഗമായും വിവിധമായും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിചെയ്തിരിക്കുന്നു. ആദം മുതലുള്ള സകല മനുഷ്യരോടും ദൈവം സംസാരിക്കുന്നു ദൈവം നേരിട്ട് സംസാരിച്ചിട്ടുണ്ട്, പ്രവാചകന്മാർ മുഖാന്തരം അവിടുത്തെ സന്ദേശം അറിയിച്ചിട്ടുണ്ട് . പ്രവാചകന്മാർ ദൈവത്തിന്റെ നാവായി (പുറ:7:2) സംസാരിച്ച വചനങ്ങൾ ദൈവം നേരിട്ട് പറയുന്നതായി പരിഗണിക്കണമായിരുന്നു. എന്നാൽ പഴയനിയമ തിരുവെഴുത്തുകൾ നാം പരിശോധിക്കുമ്പോൾ പ്രവാചകന്മാരെയും അവർ മുഖാന്തരം ദൈവം അരുളിച്ചെയ്ത തിരുവചനങ്ങളെയും അവഗണിച്ചതുമൂലം ജനം അനുഭവിക്കേണ്ടിവന്ന കൊടിയ ന്യായവിധികളുടെയും പരമ്പരയാണ് കാണുന്നത്. ദൈവിക അരുളപ്പാടുകളേ നിരസിക്കുന്നവർ വലിയ വില നൽകേണ്ടിവരും എന്ന് എബ്രായലേഖനം ആവർത്തിച്ച് നൽകുന്ന മുന്നറിയിപ്പുകൾ ശ്രദ്ധേയമാണ്.

ആർക്കും ദൈവത്തിന്റെ അരുളപ്പാടുകൾ ലഭിക്കാതിരുന്നിട്ടില്ല. എന്നാൽ അത്തരം വെളിപ്പാടുകളെ വ്യാഖ്യാനിക്കുന്നതിൽ മനുഷ്യനും പിഴവ് പിണഞ്ഞിട്ടുണ്ട് എന്നതാണ് പരമാർത്ഥം. ദൈവം പറഞ്ഞ സത്യങ്ങൾ മനുഷ്യന് അത്രയും ബൃഹത്താണെന്നതാണ് അതിന്റെ കാരണം. അതുകൊണ്ട് എല്ലാ സത്യങ്ങളും ദൈവം ഒരു മനുഷ്യന് വെളിപ്പെടുത്തി നൽകിയില്ല. പ്രത്യുത ഭാഗം ഭാഗമായി ചിലർക്ക് ദൈവം അവ വെളിപ്പെടുത്തിക്കൊടുത്തു. അവയുടെ ക്രോഡീകരണമാണ് ബൈബിൾ. വിവിധ വെളിപ്പാടുകൾ വിത്യസ്ത വ്യക്തികളിലൂടെ ഓരോരോ കാലഘട്ടങ്ങളിൽ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ നൽകുക ആയിരുന്നു. മാനവ ചരിത്രത്തിൽ ഇന്നയോളം ബാധകമായ ദൈവിക വെളിപ്പാടുകളുടെ സമഗ്രമായ വൃത്താന്തമാണ് എബ്രായർ :1:1. ദൈവ ശാസ്ത്രത്തിൽ ദൈവിക വെളിപ്പാടുകളുടെ ക്രമാനുഗതമായ പുരോഗമന സ്വഭാവം എന്നൊരു പഠനമുണ്ട്. മോശ മുതൽ മലാഖി വരെയുള്ള പ്രവാചകരിലൂടെയാണ് അതിന്റെ അരുളപ്പാട് സർവ്വജ്ഞാനിയായ ദൈവം മനുഷ്യന് കൈമാറിയത്. അതിൽ ആദം എന്ന ഒന്നാം മനുഷ്യനിൽ തുടങ്ങിയുള്ള വെളിപ്പാടുകളാണ് കോറിയിട്ടിരിക്കുന്നത്. വെളിപ്പാടുകൾ അരുളപ്പാടുകൾ എന്ന പരസ്പര പൂരകമായ പ്രയോഗങ്ങളാണ് ഇവിടെ വിടർന്ന് വരുന്നത്. ആദാമിനോടുള്ള അരുളപ്പാടും യോഹന്നാൻ സ്നാപകൻ മുഖാന്തരമോ ഉള്ള ദൈവിക അരുളപ്പാടും തമ്മിൽ സഹസ്രാബ്ദങ്ങളുടെ അന്തരം ഉണ്ടെങ്കിലും അവ തമ്മിലുള്ള ഐക്യം അത്ഭുതകരമാണ് !! എന്നാൽ ഇക്കാലഘട്ടങ്ങളിലെ വെളിപ്പാടുകളുടെ പുരോഗമനാത്മക സ്വഭാവം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മങ്ങിയ വെളിപ്പാടിലൂടെ ക്രമാനുഗതമായി വ്യക്തമായ വെളിപ്പാടിലേക്കുള്ള പുരോഗതിയാണ്. വെളിപ്പാടുകൾക്കുപയോഗിച്ച മുഖാന്തരങ്ങളിലെ വൈവിധ്യവും ഇവിടെ ലേഖനകാരൻ പറയുന്നുണ്ട്.

ആദാമിനോട് നേരിട്ടും (ഉൽപ്പത്തി: 3:89)

മോശയോടെ ഇടിമുഴക്കത്തിന് നടുവിൽ (പുറപ്പാട് :19:19)

ഏല്യവിനോട് മദ്ദ്യ സ്വരത്തോടെ : 1രാജാക്ക:19:12

ശാമുവേലിനോട് സ്വപ്നത്തിൽ (1ശമുവേൽ:3:5)

മുഖപക്ഷം ഇല്ലാത്ത ദൈവത്തിന്റെ മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹത്തിന്റെ പ്രദർശനം കൂടിയാണ് അത് വിളംബരം ചെയ്യുന്നത്.

*(തുടരും)*

## പൗരോഹിത്യത്തിലേക്ക്...

*(1 -ാം പേജ് തുടർച്ച)*

മുടന്തൻ ന്യായവാദങ്ങൾ ഉയർത്തുന്നു എന്നു മാത്രം. കാരണം ഇവർ ആരും ചരിത്രപരമായി സ്ഥിതി ചെയ്യുന്ന പൗരാണിക എപ്പിസ്കോപ്പൽ സഭകളുടെ കീഴിൽ അല്ല ബിഷപ്പുമാരായത്. ചർപ്പ് ഓഫ് എപ്പിസ്കോപ്പൽ ഫെലോഷിപ്പ് ഇന്റർനാഷണൽ ഡയോസിസിന്റെ കീഴിലാണ് (സെഫി). സെഫി ഡയോസിസിന്റെ പ്രവർത്തനങ്ങൾ അപ്പോസ്തോലിക ഉപദേശങ്ങൾ തന്നെയാണ് എന്നാണ് ഇവർ ഉയർത്തുന്ന ന്യായം. സിഎസ്ഐ സഭയുടെ കീഴിൽ ബിഷപ്പ് ആയ കെ പി യോഹന്നാനെ പോലും കേരള ക്രിസ്ത്യൻ കൗൺസിൽ അംഗീകരിച്ചില്ല. അതുകൊണ്ടു തന്നെ നമ്മുക്ക് വ്യക്തമാകുന്നത് ഇതെല്ലാം വെറും മിഥ്യാധാരണകൾ മാത്രമാണ്. ഇത്തരം പദവികൾ ധന വിനിമയം നടത്താനും സാമ്പത്തീക ഉന്നമനത്തിനും വേണ്ടി മാത്രമുള്ള ഉപാധികളാണ്. ബിഷപ്പ് കുപ്പായം ധരിച്ചാൽ ഉണ്ടാകുന്ന പ്രൊട്ടക്ഷൻ ഒരു തോന്നൽ മാത്രമാണ്. ഇവരൊന്നും ക്രിസ്തുവിന്റെ നല്ല ഭടന്മാർ അല്ലേ അല്ല. സ്വന്തം നിലനിൽപ്പിനും വയറിനും വേണ്ടി എന്തു വേഷം കെട്ടാനും മടിയില്ലാത്തവർ. ഇവരെ ആർ അംഗീകരിക്കും ഹിസ്റ്റോറിക്കൽ എപ്പിസ്കോപ്പൽ സഭകൾ അംഗീകരിക്കുകമോ? പെന്തക്കോസ്തു സഭകൾ ഇവരെ സ്വീകരിക്കുമോ?

പുതിയ നിയമ ഉപദേശത്തിൽ എവിടെയാണ് പൗരോഹിത്യ വസ്ത്രത്തിന്റെ പ്രസക്തി എടുത്തു പറയുന്നത്. യേശുവോ അപ്പോസ്തോലന്മാരോ ഇത്തരം സ്ഥാനം വസ്ത്രങ്ങൾ ധരിച്ചിരുന്നുവോ. പുതിയ നിയത്തിൽ ഇല്ലാത്തത് വെളിവുകേടായി വെളിപ്പാടായി കിട്ടിയതായിരിക്കും എന്നും കരുതാം. ഒരു കാലത്ത് ശക്തമായി ദൈവവചനം പ്രസംഗിച്ച് നടന്നവർ പെട്ടെന്ന് ഒരു പുതിയ വെളിപ്പാട് കിട്ടിയതു കൊണ്ടല്ല ബിഷപ്പുമാരായി മാറിയത്. നാളുകളായി ഇവരുടെ ഉള്ളിൽ മറഞ്ഞു കിടന്ന ആഗ്രഹങ്ങൾ ഇപ്പോൾ മറനീക്കി പുറത്തു വന്നു എന്ന് മാത്രം. ബിലയാം യഹോവയുടെ വചനം നിമിത്തം യിസ്രയേലിനെ അനുഗ്രഹിക്കുമ്പോഴും അവർ ശപിക്കപ്പെടണം എന്നതായിരുന്ന ഉള്ളിലെ ആഗ്രഹം അതു കൊണ്ടാണ് ബാലക്കിന്റെ ചെവിയിൽ യിസ്രയേൽ മക്കളുടെ മുമ്പിൽ ഇടർച്ച വെയ്ക്കുന്നതിനുള്ള ഉപദേശം നല്കി കൊടുത്തത്. പത്രോസ് അപ്പോസ്തോലനും, യൂദായും തന്റെ ലേഖനത്തിൽ പറയുന്ന വെള്ളമില്ലാതെ കാറ്റു കൊണ്ട് ഓടുന്ന മേഘങ്ങൾ, ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ള ശാപയോഗ്യർ എന്നു വേണം ഇവരെ വിശേഷിപ്പിക്കുവാൻ. ഇവരുടെ നിര ഇവിടെ കൊണ്ട് അവസാനിക്കുന്നില്ല ഇനിയും പേരുകൾ നീളും അടുത്തത് ആര് എന്ന ചോദ്യം മാത്രമെ അവേശിക്കുന്നുള്ളു.

## നിത്യതയിൽ



### പാസ്റ്റർ ഷാജി കെ. ഡാനിയേലിന്റെ മാതാവ്

വള്ളിക്കോട് കോട്ടയം: വട്ടപ്പാറ (അഗാപ്പെ) വീട്ടിൽ പരേതനായ ഡാനിയേലിന്റെ ഭാര്യ അമ്മിണി (84) നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാരശുശ്രൂഷ അഗാപ്പെ ചർച്ച് സെമിത്തേരിയിൽ ചർച്ച് ഓഫ് ഗോഡ് കർണ്ണാടക സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി നടത്തി. പാസ്റ്റർ നൈനാൻ കോശി ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ കെ.സി. ജോൺ, പി.സി. ചെറിയാൻ, ജോൺ ജോസഫ്, മനോജ് മാമച്ചൻ, റ്റി.വി. തോമസ്, ജോസ് അതുല്യ തുടങ്ങി അനേക കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. മക്കൾ ശാന്തമ്മ, രാജു, മോളി, അച്ചൻകുഞ്ഞ്, പാസ്റ്റർ ഷാജി കെ. ഡാനിയേൽ (ഡയറക്ടർ, അഗാപ്പെ മിനിസ്ട്രീസ്, ഡാളസ്). മരുമക്കൾ: മോളി, മാത്യു, ഡെയ്സി, ഷൈനി, പരേതനായ വറുഗീസ്.

## ജനാധിപത്യ ധ്വംസനത്തിന്റെ...

*(2-ാം പേജ് തുടർച്ച)*

തിരിച്ചറിയുകയും ഓരോ പൗരനും ജനാധിപത്യത്തിന്റെ കാവലാളാണെന്ന ബോധവും തിരിച്ചറിവുമാണ് വേണ്ടത്. അധികാരത്തിന്റെ ജീർണതകളിൽ നിന്നും ജനാധിപത്യത്തെ രക്ഷിക്കാനുള്ള ബാധ്യത പ്രബുദ്ധ സമൂഹത്തിനാണ്. പൗരബോധവും ജനാധിപത്യ വിശ്വാസവും രാഷ്ട്രീയക്കാരുടെ വായ്ത്താരികളിൽ ഒതുങ്ങാവതല്ല. പത്രമാധ്യമങ്ങളിലും ചാനൽ പാനൽ ചർച്ചകളിലും തെരുവ് പ്രസംഗങ്ങളിലുമൊതുങ്ങാതെ രാജ്യത്തിന്റെ വളർച്ചാവികാസത്തിന്റേയും പുരോഗതിയുടെയും ഓരോ ഘട്ടങ്ങളിലും ഓരോരുത്തർക്കും കൃത്യമായ ഉത്തരവാദിത്തവും അവകാശങ്ങളുമുണ്ടെന്നതാണ് ജനാധിപത്യ സംവിധാനത്തിന്റെ ഏറ്റവും പ്രധാന സവിശേഷത. ഇത് കക്ഷി രാഷ്ട്രീയങ്ങളുടെ സ്വാർഥവും സങ്കുചിതവുമായ താൽപര്യങ്ങൾക്ക് വഴി മാറുമ്പോൾ രാജ്യപുരോഗതിയുടെ താളം തെറ്റുകയും പാർട്ടികളും വ്യക്തികളും മാത്രം പുരോഗതിയുടെ ഗുണഭോക്താക്കളാവുകയും ചെയ്യും. നേതാക്കളുടേയും രാഷ്ട്രീയ പാർട്ടികളുടേയും താൽപര്യങ്ങൾക്കപ്പുറം രാജ്യ താൽപര്യത്തിന് പ്രാമുഖ്യം ലഭിക്കുന്ന വ്യവസ്ഥയാണ് വാസ്തവത്തിൽ ജനാധിപത്യം . ജനാധിപത്യത്തെ ഏതെങ്കിലും സംഘങ്ങൾ ഹൈജാക്ക് ചെയ്യുമ്പോൾ അത് ഏകാധിപത്യത്തേക്കാളും അപകടകരമാകും എന്ന് ഏവരും തിരിച്ചറിയുക.

## 20 ബൈബിൾ ക്വിസ്






സൂസൻ ആൻഡ്രൂസ്
ഫോൺ: 66159209

1) സമാധാനത്തിൽ വിതച്ച് നീതി എന്ന ഫലം കൊയ്യുന്നവൻ ആര്?
2) കർത്താവിൽ ഏകചിന്തയോടിരിപ്പാൻ പൗലോസ് പ്രബോധിപ്പിച്ചത് ആരെയെല്ലാം?
3) "യജമാനനേ കേട്ടാലും, നാനൂറു ശേക്കൽ വെള്ളി വിലയുള്ള ഒരു ഭൂമി, അത് എനിക്കും നിനക്കും എന്തുള്ളു" ആര് ആരോടു പറഞ്ഞു?
4) ക്രിസ്തുവേശുവിലുള്ള രക്ഷ നിത്യതേജസ്സോടു കൂടെ —— കിട്ടേണ്ടതിന് ഞാൻ അവർക്കായി സകലവും സഹിക്കുന്നു?
5) ജ്ഞാനം ഒരു ശരണം, ദ്രവ്യവും ഒരു ശരണം. ജ്ഞാനമോ ജ്ഞാനിയുടെ ജീവനെ പാലിക്കുന്നു. ഇത് ഏതിന്റെ വിശേഷത ആണ്?
6) ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി ആരെ സേവിക്കണം?
7) ഏദെനിലെ സകലവൃക്ഷങ്ങളും ലെബാനോനിലെ ശ്രേഷ്ഠവും ഉത്തമവുമായി വെള്ളം കുടിക്കുന്ന സകല വൃക്ഷങ്ങളും ആശ്വാസം പ്രാപിച്ചത് എവിടെ?
8) "സഹോദരന്മാരെ, കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ —— ദൃഷ്ടാന്തമായി വിചാരിച്ചു കൊൾവിൻ"?
9) "അങ്ങനെ അവർ തങ്ങളുടെ പാപങ്ങളെ എപ്പോഴും പൂരിപ്പിക്കുന്നു. എന്നാൽ ദൈക്രോധം അവരുടുമേൽ മുഴുത്തു വന്നിരിക്കുന്ന"- ആരുടെമേൽ?
10) രണ്ടു മൂന്നു സാക്ഷികൾ മുഖേനയല്ലാതെ ആരുടെ നേരെ അന്യായം എടുക്കരുത്?

### കഴിഞ്ഞ ലക്കത്തിലെ ശരി ഉത്തരം അയച്ചവർ

എലിസബത്ത് ജസ്വിൻ തിരുവല്ല, ഷീബാ സത്യപാൽ കോവളം, ദീനാ രാജു മാമലശ്ശേരി, ലീനാ സണ്ണി കോവളം, ആലീസ് ജോയി ഐരാണിക്കുടി, ജോളി കോശി പന്തളം, ലീലാമ്മ ജോസഫ് കവിയൂർ, പിങ്കി സ്റ്റാൻലി പനംതോപ്പ്, സുജ സാമുവേൽ ഭരണക്കാവ്, അന്നമ്മ കെ. വി. കുരിയിച്ചിറ.

### കഴിഞ്ഞ ലക്കത്തിലെ ഉത്തരം

1. എഫ്രയീം (ഹോശേയ 8:11), 2. അപ്പൊസ്തലന്റെ (2 കൊരി.12:12), 3. എസ്രാ (നെഹെ.8:6), 4. 20 (ഇയ്യോബ് 1:2; 42:13), 5. കർത്താവിൻ നിമിത്തം (1പത്രോസ് 2:13), 6. മാഖീർ (1ദിന.7:15), 7. കെണിയിൽ (സഭാ.9:12), 8. നല്ല വാക്ക് (സദൃ.12:25), 9. മീഖാ (മീഖാ 2:1), 10. ക്രിസ്തുവിന്റെ രക്തത്താൽ ( എഫെ.2:13)

**ഉത്തരങ്ങൾ എല്ലാമാസവും 25ന് മുമ്പ് അയക്കുക. വിജയികളുടെ പേര് അടുത്ത ലക്കം പ്രസിദ്ധീകരിക്കും. അയക്കേണ്ട വിലാസം**
**YUGANTHYA SANDHESHAM, P.O. BOX - 66, THIRUVALLA - 1**



## വിടുതൽ ശുശ്രൂഷ തിരുവല്ലയിൽ

# പാസ്റ്റർ ടി.എം. മാമ്മച്ചൻ



നേതൃത്വം നൽകുന്നു

എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ
ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ടൗൺ സഭാ ഹാൾ
(ടി.കെ.റോഡ്, റെയിൽവേ ഓവർബ്രിഡ്ജിന് സമീപം,തിരുവല്ല)

Mob: 9747994276

● പരാജയപ്പെടുന്നു എന്ന തോന്നലുകൾ ● തകർന്ന ജീവിത സാഹചര്യങ്ങൾ ● എല്ലാം നഷ്ടപ്പെട്ടു എന്ന ചിന്ത ● **നിങ്ങളുടെ വിടുതൽ വേഗത്തിൽ സംഭവിക്കും**

# തിരുമേശ ശുശ്രൂഷ ഒരവലോകനം



പാസ്റ്റർ എം.കുഞ്ഞപ്പി

കർത്താവ് തന്റെ സഭയ്ക്ക് ഏല്പിച്ചു നല്കിയ കാർമ്മീക ശുശ്രൂഷകളിൽ പ്രധാനപ്പെട്ട ഒന്നാണ് തിരുമേശ ശുശ്രൂഷ. ഇതിനെ കർത്താവിന്റെ മേശ, അന്ത്യഅത്താഴം, അപ്പം നുറുക്ക്, തിരുവത്താഴം, കർത്തൃമേശ, എന്നൊക്കെ അറിയപ്പെടുന്നു. അർത്ഥാൽ എല്ലാം ഒന്നു തന്നെ. വികലവും പ്രാകൃതമായതുമായ ഉപദേശങ്ങൾ ഇതിന്റെ പേരിൽ വർദ്ധിച്ചു വരുന്നതു കൊണ്ട് ആർക്കുവേണമെങ്കിലും തിരുമേശയിൽ പങ്കെടുക്കാം എന്നും, സ്നാനപ്പെടേണ്ട ആവശ്യം ഇല്ല എന്നും ശുദ്ധീകരണവും ഏറ്റുപറച്ചിലും പങ്കെടുക്കുന്നവർക്ക് വേണ്ട എന്നും ഏത് പാപം ചെയ്താലും തിരുമേശയിൽ നിന്ന് അതിന്റെ പേരിൽ ഒഴിഞ്ഞിരിക്കേണ്ട എന്നും, ഇങ്ങനെയൊക്കെയുള്ള പൈശാചിക ഉപദേശങ്ങളും, പഠിപ്പിക്കലുമായി ഇന്നു പുതിയ സുവിശേഷ താരങ്ങൾ അരങ്ങുതകർത്ത് വിലസുന്ന കാഴ്ച ദുഃഖിപ്പിക്കുന്നതാണ്. സാത്താന്റെ സഭകളും ഇതിൽ നിന്ന് വ്യത്യസ്ഥമല്ല. യേശുശിഷ്യന്മാരുടെ കാൽ കഴുകിയതും പെസഹ ആചരിച്ച് അപ്പം നുറുക്കിയതും യോർദ്ദാൻ നദിയിൽ യോഹന്നാൻ സ്നാപകന്റെ കൈക്കീഴിൽ സ്നാനമേറ്റതും ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചതും എല്ലാം ഒരു മാതൃക കാണിച്ചു തരുകയായിരുന്നു. ആ സമയത്ത് “ദൈവസഭ” എന്ന മർമ്മം വെളിപ്പെട്ടിരുന്നില്ല. മത്തായി 16:18 ൽ ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് യേശുപ്രവചനമായി പറയുമ്പോഴും “സഭ” എന്ന യഥാർത്ഥ രൂപം മറവായിരുന്നു. പത്രോസിന്റെ മുൻപിൽ ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്ന് യേശു തന്നെക്കുറിച്ച് തന്നെ പറയുന്നുവെങ്കിലും അവിടേയും സഭ മറവായിരുന്നു. സാക്ഷാൽ ജീവനുള്ള പാറ ക്രിസ്തുവാകുന്നു എന്നും, അവന്റെ അടുക്കൽ വരുന്ന ജീവനുള്ള കല്ലുകൾ ചേർത്ത് വച്ച് സഭയാം സൗധം പണിയുന്നത് സംബന്ധിച്ച് 2 പത്രോസ് 2-ാം അദ്ധ്യായത്തിൽ വെളിപ്പെടുന്നുണ്ടല്ലോ. സഭയുടെ ജീവനുള്ള മൂലകല്ല് ക്രിസ്തുവാകുന്നു എന്ന് പത്രോസ് വ്യക്തമാക്കുന്നു. മർക്കൊസിന്റെ മാളികമുറിയിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്ന ശേഷമുള്ള അനന്തര പദ്ധതിയായിരുന്നു ക്രിസ്തുവിന്റെ സഭയുടെ രംഗപ്രവേശനം ചില ശുശ്രൂഷകളുടെ മാതൃക യേശു കാണിച്ചുവെങ്കിലും സഭയുടെ യഥാർത്ഥ ഉപദേശം വെളിപ്പെടുത്തുന്നത് മാളികമുറിയിലെ പ്രത്യേക അനുഭവത്തിന് ശേഷമാണ്. ‘ഞങ്ങൾ എന്ത് ചെയ്യേണ്ടു’ എന്ന് ജനം ചോദിച്ച ചോദ്യത്തിന് പത്രോസ് പരിശുദ്ധാത്മാവിൽ കൊടുക്കുന്ന മറുപടിയിലാണ് സഭയുടെ ഉപദേശം വെളിവാക്കുന്നത്. അ.പ്ര.2:38 മുതലുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക നിങ്ങൾ മാനസാന്തരപ്പെട്ട്, സ്നാനപ്പെടണമെന്നും, പരിശുദ്ധാത്മാവിനെ പ്രാപിക്കണമെന്നും വേർപാടു പാലിക്കണമെന്നും അപ്പോസ്തല ഉപദേശം കേൾക്കണമെന്നും കൂട്ടായ്മ, അപ്പം നുറുക്ക്, പ്രാർത്ഥന എന്നിവ ഉണ്ടാകണമെന്നുമുള്ള ഉപദേശവിഷയങ്ങൾ പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നു. ഈ ഉപദേശങ്ങൾ അനുസരിച്ച് മുന്നോട്ടു വന്നവരെ കർത്താവ് തന്റെ സഭയോട് ചേർത്ത് പോന്നു. അപ്പോസ്തലിക ഉപദേശങ്ങൾ അനുസരിക്കാത്തവർ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമല്ല. ക്രിസ്തുവിന്റെ ശരീരമാം സഭയുടെ ഭാഗമായവർക്കുള്ള അവകാശമാണ് തിരുമേശ. സഭ എന്നത് ഒരു വഴിയമ്പലമല്ല. ക്ലബ്ബ് അല്ല, ആൾകൂട്ടവുമല്ല, ഭക്ഷണം കഴിക്കുവാൻ ഒത്തുകൂടുന്ന സ്ഥലവുമല്ല. സഭക്രിസ്തുവിന്റെ ശരീരമാണ്. ശരീരമായ സഭയുടെ തല ക്രിസ്തുവാണ്. ദെമസ്കോസിൽ വെച്ച് സ്തേഫാനോസ് ഉൾപ്പെടെ ഉള്ളവരെ പീഡിപ്പിച്ച് പൗലോസായ ശൗൽ സംഹാര താണ്ഡവം നടത്തി ഒരു ചെന്നായെപ്പോലെ മുന്നേറുമ്പോൾ യേശു കർത്താവ് വെളിപ്പെട്ട് ചോദിച്ച ചോദ്യമാണ് ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? ‘നീ ആരാകുന്നു കർത്താവേ’ എന്ന് ചോദിച്ചതിന് നീ ഉപദ്രവിക്കുന്ന യേശുവാണ് ഞാൻ. അവിടെയാണ് പൗലോസിന് മനസ്സിലായത് താൻ വ്യക്തികളെ അക്രമിച്ചു പക്ഷേ അത് ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവമായിരുന്നു എന്ന വിലപ്പെട്ട മർമ്മം. ആ മർമ്മമാണ് കൊരിന്ത്യർ ലേഖനമെഴുതിയപ്പോൾ പൗലോസ് വ്യക്തമാക്കിയത്. സഭയിലെ ഓരോ വിശ്വാസിമക്കളും ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവമാണെന്നും ശരീരത്തിൽ അവയവങ്ങൾ യുക്തമായി ചേർന്നിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായ ദൈവമക്കൾ ഒന്നിച്ച് ചേർന്നിരിക്കണമെന്നും വിധേയപ്പെട്ടിരിക്കണമെന്നും ശരീരത്തിലെ അവയവങ്ങൾ അന്യോന്യം മുറിവേല്പിക്കാതിരിക്കുന്നതുപോലെ സഭയാം ശരീരത്തിലും അവയവങ്ങൾ തമ്മിൽ മുറിവേല്പിക്കാതെ ഐക്യമായി ചേർന്നിരിക്കണമെന്നും പൗലോസ് വ്യക്തമാക്കി. മാനം കുറഞ്ഞ അവയവത്തെ മാനമുള്ള അവയവം മാനം അണയിക്കുന്നതുപോലെ സഭയാം ശരീരത്തിലും മാനം കുറഞ്ഞവയെ മാനം അണിയിക്കണമെന്നും ആരും ആരേക്കാളും സഭയിൽ വലിയതല്ല. എല്ലാവരും ഒരുപോലെയാണ്. സഭയാം ശരീരത്തിൽ എല്ലാ അംഗങ്ങൾക്കും തുല്യ പ്രധാന്യമാണ് ഉള്ളത് എന്നതും വ്യക്തമാണ്. അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾ ആരാണ്? മാനസ്സാന്തരപ്പെട്ടു സ്നാനപ്പെട്ട് വേർപാടു പാലിച്ച് ശുദ്ധീകരണം പ്രാപിച്ച ദൈവമക്കളാണ് സഭയുടെ അവയവങ്ങൾ അങ്ങനയല്ലാത്ത ആരും സഭയുടെ അംഗങ്ങളല്ല. സഭയുടെ അംഗങ്ങൾ ആകാത്ത ആരും തിരുമേശയിൽ പങ്കെടുക്കുവാൻ യോഗ്യരല്ല. ഈ പ്രമാണം ലംഘിച്ച് നടത്തുന്ന മേശകൾ ഭൂതങ്ങളുടെ മേശയാണ് സത്യ ഉപദേശലംഘനം നടത്തി എന്ത് ചെയ്താലും അതിന്മേൽ ഉള്ള ആധിപത്യം സാത്താനാണ് എന്നതിൽ തർക്കമില്ല. തിരുമേശയിൽ ശരീരത്തെ വിവേചിക്ക എന്നത് ഒന്ന്, ക്രിസ്തുവിന്റെ കഷ്ടാനുഭവ ശരീരത്തെ ഓർക്കുക, രണ്ട്, ഇന്ന് ക്രിസ്തുവിന്റെ ശരീരം ഉയർത്തെഴുന്നേറ്റ ശരീരമാണ് അതാണ് ക്രിസ്തുവിന്റെ സഭ. തിരുമേശയിൽ പങ്കെടുക്കുന്നവർ ക്രിസ്തുവിന്റെ ശരീരമാം സഭയിൽ ഐക്യമായിരിക്കണം എന്നും ശോധന ചെയ്ത് നിരപ്പു പ്രാപിക്കേണ്ടവരുമായി നിരപ്പ് പ്രാപിക്കണമെന്നും അപ്പം ഒന്നാക കൊണ്ട് പലരായ നാം ക്രിസ്തുവിൽ ഒന്ന് എന്ന വേദശാസ്ത്രമാണ് ഇവിടെ ഓർക്കേണ്ടത്. ഈ വ്യവസ്ഥകൾ പാലിക്കാതെ തിരുമേശ നടത്തുന്നുവരും പങ്കെടുക്കുന്നവരും ദൈവസന്നിധിയിൽ കുറ്റക്കാരാണ് അവർക്ക് ദൈവശിക്ഷ നിശ്ചയമാണ്. നാം ഒരിക്കൽ കർത്താവിന്റെ വചനത്താലും, രക്തത്താലും ശുദ്ധീകരിക്കപ്പെട്ടവരാണ് എങ്കിലും തിരുമേശ കൈക്കൊള്ളുന്ന സമയം നാം കാൽവറിയെ ധ്യാനിച്ചുകൊണ്ട് ഒരു അനുതാപവും ശുദ്ധീകരണവും ഉള്ളവരായി തീരണം. അപ്പത്തിലോ, വീഞ്ഞിലോ സൗഖ്യമില്ല. രണ്ടും നിർജീവവസ്തുക്കളാണ് അപ്പോസ്തലൻ വാഴ്ത്തി പ്രാർത്ഥിച്ച് നല്കുമ്പോഴും ഈ അപ്പം ഈ പാനപാത്രം എന്നാണ് പറഞ്ഞത്. വസ്തുമാറ്റം സംഭവിച്ചിട്ടില്ല. തിരുമേശയുടെ പേരിൽ പഠിപ്പിക്കുന്ന തെറ്റായ ഉപദേശങ്ങൾ എല്ലാം പൈശാചികമാണ് അങ്ങനെയുള്ള മേശകളിൽ വീണ്ടും ജനിച്ച ദൈവമക്കൾ പങ്കെടുക്കരുത്. അതിൻമേൽ ഭൂതാധിപത്യം ഉണ്ട്. ഉപദേശ ലംഘനം എവിടെ ഉണ്ടോ അവിടെ പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവല്ല പിശാചാണ്. മാനസാന്തരപ്പെട്ട്, സ്നാനപ്പെട്ടിട്ട്, പുകവലി, മദ്യം, കഞ്ചാവ്, മയക്കുമരുന്നുകൾ തുടങ്ങി ലഹരിവസ്തുക്കൾക്ക് ശരീരം അടിമപ്പെടുത്തുന്നവർ ശുദ്ധീകരണം കൂടാതെ മേശമേൽ കൈനീട്ടരുത് അങ്ങനെ അനുസരിക്കാത്തവർ ശിക്ഷാവിധി തിന്നുകയും കുടിക്കുകയുമാണ് ചെയ്യുന്നത്. അയോഗ്യമായി പങ്കെടുക്കുന്നവർ ബലഹീനരും, രോഗിയും ആകുമെങ്കിൽ യോഗ്യതയോടെ പങ്കെടുക്കുന്നവർ ഇതിൽ കൂടി സൗഖ്യം അനുഭവിക്കും ആ സൗഖ്യം ക്രിസ്തുവിനെ ധ്യാനിക്കുമ്പോൾ അവന്റെ അടിപ്പിണരുകളാൽ ലഭിക്കുന്നതാണ് അതിന് ഒരു മുഖാന്തരം മാത്രമാണ് തിരുമേശ.

കർത്താവ് വരുവോളം തന്റെ ഓർമ്മയ്ക്കായി ചെയ്യുവാൻ ദൈവസഭയ്ക്ക് കൊടുത്ത ഏറ്റവും ഗൗരവമുള്ള ഒരു ശുശ്രൂഷയാണ് തിരുമേശശുശ്രൂഷ. നിസ്സാരമായും ലാഘവത്തോടും, അലക്ഷ്യമായും, വികലമായും ഇതിനെ കാണുന്നവർ ശിക്ഷ അനുഭവിക്കുക തന്നെ ചെയ്യും. എന്നത് ഒരിക്കൽ കൂടി ഉറപ്പിച്ചു കൊണ്ട് നിറുത്തുന്നു.

# എഴുത്തുകാർ സംരക്ഷിക്കപ്പെടുമോ?



ജോൺസൺ കണ്ണൂർ
9847518230

സത്യങ്ങൾ തുറന്ന് എഴുതുന്നവർക്ക് ജീവൻ പോലും നഷ്ടപ്പെടുന്ന സാഹചര്യമാണിന്ന്. സമൂഹത്തിലെ പുഴുക്കുത്തുകൾക്കെതിരെ പ്രതികരിച്ചാൽ ഇവിടെ കുടില ശക്തികളുടെ അടിത്തറ ഇളകും. മാഫിയകളുടേയും വൻകിട ലോബികളുടേയും എച്ചിൽ പെറുക്കുന്നവർക്ക് പലതിനും കണ്ണടക്കുകയേ നിവർത്തിയുള്ളൂ. എന്നാൽ ഒരു യഥാർത്ഥ എഴുത്തുകാരന് കണ്ടില്ലാമട്ട് നടിച്ച് അനങ്ങാപാറനയം സ്വീകരിക്കാൻ കഴിയില്ല. സമൂഹത്തിൽ നടമാടുന്ന അനീതി കാണുമ്പോൾ പ്രതികരിക്കും. മനസ്സിന് ചൂടു പിടിച്ചാൽ ആശയങ്ങൾ തൂലികയിൽ നിരന്നു നിൽക്കും.

ഇവിടെ ബ്രാഹ്മണ മേധാവിത്വം കൊടികുത്തി വാഴുന്ന കാലം. അക്കാലത്ത് എഴുത്തും വായനയും അവർക്കേ അറിയൂ. വയലാർ അന്നത്തെ നീചമായ വ്യവസ്ഥിതിക്കെതിരെ തന്റെ തൂലിക ചലിപ്പിച്ചു. എഴുത്ത് അവസാനിപ്പിക്കണമെന്ന് ബ്രാഹ്മണർ ആവശ്യപ്പെട്ടു. വയലാറിന്റെ മറുപടി ഇപ്രകാരമായിരുന്നു “എഴുത്ത് ഒരു സർഗാത്മകതയാണ് ഉലകത്തിൽ ഒരു ശക്തിക്കും അതിനെ നിർത്തലാക്കുവാൻ കഴിയില്ല”.

പലതും അടിച്ചമർത്തുവാൻ കഴിയും. പക്ഷേ ദൈവം വരദാനമായി തന്ന ജന്മസിദ്ധമായ വാസനയെ ഒതുക്കുവാൻ സാദ്ധ്യമല്ല. പിന്നെ ഏകമാർഗ്ഗം എഴുത്തുകാരന്റെ തല എടുക്കുക എന്നതു മാത്രമാണ്. അങ്ങനെയാണ് ഗൗരി ലങ്കേഷിന്റെ ജീവൻ പൊലിഞ്ഞത്. ഇനിയും ഗൗരി ലങ്കേഷുമാർ ആവർത്തിക്കുമെന്ന് വിഷകലകൾ വീരവാദം മുഴക്കുമ്പോൾ എഴുത്തുകാരെ സംരക്ഷിക്കുമെന്ന് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻസാർ പരസ്യ പ്രസ്താവന നടത്തുകയുണ്ടായി. ഒരു എഴുത്തുകാരൻ മരിച്ചതുകൊണ്ട് ഇവിടെ തൂലിക നിശ്ചലമാകുമെന്ന് ആരും കരുതേണ്ട. ആ ചോരയിൽ നിന്ന് ആയിരക്കണക്കിന് തൂലികകൾ എഴുന്നേൽക്കും. ഭീഷണികൾക്കോ, ചീറിപായുന്ന വെടിയുണ്ടകൾക്കോ, ഇല്ലായ്മ ചെയ്യുവാൻ കഴിയാത്ത അദൃശ്യമായ അതുല്യമായ ശക്തി എഴുത്തിനുണ്ടെന്ന് ഓർത്തിരുന്നാൽ നന്ന്. മനുഷ്യാത്മാവിന്റെ എഞ്ചിനീയറാണ് എഴുത്തുകാരൻ എന്ന് സ്റ്റാലിൻ പറഞ്ഞിട്ടുണ്ട്. ലോഡ് ബൈറന്റെ ഭാഷയിൽ ഒരു തുള്ളി മഷി ലക്ഷങ്ങളെ ചിന്തിപ്പിക്കും.

“ഞാൻ ഒരിക്കലും തിരുത്തി എഴുതാറില്ല കാരണം എന്റെ ചിന്തയും എഴുത്തും ഒന്നുതന്നെയാണ്. അത് ശ്വസനം പോലെയാണ് ഒരിക്കൽ ശ്വസിച്ചതായ വായുവിനെ ഞാൻ വീണ്ടും ശ്വസിക്കാറില്ല”. എന്ന അരുന്ധതി റോയിയുടെ വാക്കുകൾ ഇവിടെ ചേർത്ത് ചിന്തിക്കുക. സത്യത്തിന്റെ ഭാഗത്താണെങ്കിൽ തിരുത്തി എഴുതേണ്ടി വരില്ല.

സാമ്പത്തികം ലക്ഷ്യമാക്കി പോകുന്ന കൂലി എഴുത്തുകാർക്ക് കാലങ്ങളുടെ കുത്തൊഴുക്കിൽ പലതും പിൻവലിക്കേണ്ടി വരും. എഴുത്തായാലും പ്രസംഗമായാലും ദൈവം തരുന്ന സന്ദേശങ്ങൾ പൊതുജനത്തിലേക്ക് പകരുക മാത്രമേ ചെയ്യുന്നുള്ളൂ. അത് നിർത്തലാക്കുവാൻ ഇവിടെ ആർക്കും അധികാരമില്ല. നിന്റെ എഴുത്ത് നിർത്തുക എന്നാക്രോശിക്കുന്നവർ ഏതോ മൂഢ സ്വർഗ്ഗത്തിലാണ്. അക്ഷരികമായ് വെടിയുണ്ട ഉതിർത്തില്ലെങ്കിലും മറ്റു പല നിലയിലും എഴുത്തുകാർക്കെതിരെ മനസിൽ വെടിയുണ്ട നിറയ്ക്കുന്ന മഹാന്മാരുണ്ട്. എന്തെങ്കിലും കാര്യസാധ്യങ്ങൾക്കുവേണ്ടി എഴുത്ത് അവസാനിപ്പിക്കുന്ന പേടിതൊണ്ടന്മാർ എഴുത്തുകാരല്ല. നമ്മുടെ ആശയവും വ്യക്തിത്വവും ബലികഴിച്ചിട്ട് ഒരു ഭൗതിക നേട്ടങ്ങളും യഥാർത്ഥ എഴുത്തുകാരന് ആവശ്യമില്ല.

ആമോസ് അമസ്യാവോട് എടോ ദർശകാ, യെഹൂദാ ദേശത്തിലേക്ക് ഓടിപ്പൊയ്ക്കൊൾക അവിടെ പ്രവചിച്ച് അഹോവൃത്തി കഴിച്ചുകൊൾക. ബെഥേലിലോ ഇനി പ്രവചിക്കരുത്. അത് രാജാവിന്റെ വിശുദ്ധമന്ദിരവും രാജധാനിയുമല്ലോ എന്നു പറഞ്ഞു (ആമോസ് 6:12). ജീവിക്കാനുള്ള കുറുക്കു വഴിയായിട്ടാണ് അമസ്യാവിനെപ്പോലുള്ളവർ ആത്മീയ ശുശ്രൂഷകളെ കാണുന്നത്. വേറെ എവിടെയെങ്കിലും പ്രവചിച്ചോ, ഇവിടെ വേണ്ട. രാജാവും രാജധാനിയുമൊക്കെ നേതൃത്വത്തെയും അധികാരത്തെയും കാണിക്കുന്നു. ആധുനിക ലോകത്തെ അമസ്യാവുമാർ ഇതു തന്നെയാണ് പറയുന്നത്.

നമ്മുടെ മുഖ്യമന്ത്രിക്കുള്ള കാഴ്ചപ്പാട് പോലും ആത്മീയ ലോകത്തെ അമസ്യാവ്മാർക്ക് ഇല്ലാതെ പോയതാണ് കഷ്ടം. ഗോപുരത്തിങ്കൽ ന്യായം വിധിക്കുന്നവനെ അവർ ദ്വേഷിക്കുകയും പരമാർത്ഥം സംസാരിക്കുന്നവനെ വെറുക്കുകയും ചെയ്യുന്നു. അങ്ങനെ നിങ്ങൾ എളിയവനെ ചവിട്ടിക്കളയുകയും അവനോട് കോഴയായി ധാന്യം വാങ്ങുകയും ചെയ്യുന്നതിനാൽ നിങ്ങൾ വെട്ടുകല്ലുകൊണ്ട് വീട് പണിയും അതിൽ പാർക്കയില്ലതാനും. നീതിമാനെ ക്ലേശിപ്പിച്ച് കൈക്കൂലി വാങ്ങുകയും ഗോപുരത്തിങ്കൽ ദരിദ്രന്മാരുടെ ന്യായം മറിച്ചു കളയുകയും ചെയ്യുന്നവരെ, നിങ്ങളുടെ അതിക്രമങ്ങൾ അനവധിയും നിങ്ങളുടെ പാപങ്ങൾ കഠിനവും എന്നു ഞാൻ അറിയുന്നു (ആമോസ് 5:10-13).

ഇന്നും ഇതുതന്നെയാണ് നടക്കുന്നത്. അതിനാണ് എഴുത്തു നിർത്തുവാൻ ആവശ്യപ്പെടുന്നത്. അപ്പോൾ എന്നെ തല്ലണ്ട അമ്മാവാ ഞാൻ നന്നാവാൻ പോകുന്നില്ല എന്നു പുതിയ തലമുറ പാടുന്നതുപോലെ........ എന്തെങ്കിലും കാര്യങ്ങൾ സാധിക്കണമെങ്കിൽ രഹസ്യമായി വിളിച്ച് ഊണും കവറും നൽകണം. ഇല്ലെങ്കിൽ സ്ഥലം മാറ്റം വരുമ്പോൾ വിവരം അറിയും. ദരിദ്രന്റെ ന്യായം മറിച്ചുകളയുന്നതിന്റെ നീണ്ട പട്ടിക വർണ്ണനാതീതമാണ്. ഇതൊക്കെ തുറന്നെഴുതുന്നവർ സംരക്ഷിക്കപ്പെടണം. ആമോസിന് വലിയ ശ്രേഷ്ഠത ഒന്നും അവകാശപ്പെടുവാനില്ല. ഞാൻ പ്രവാചകനല്ല പ്രവാചക ശിഷ്യനുമല്ല. ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനുമത്രേ. ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവയായ ദൈവം വിളിച്ച് ശുശ്രൂഷ എൽപ്പിച്ചതാണ്.

എഴുത്തുകാർ കാലഘട്ടത്തിന്റെ പ്രവാചകന്മാരാണ്. സർവ്വശക്തനാണ് അവർക്ക് വചനം നൽകുന്നത്. അവരെ സംരക്ഷിക്കേണ്ടത് വിളിച്ചവന്റെ ഉത്തരവാദിത്വമാണ്. അവർക്ക് അദൃശ്യമായ ഒരു സംരക്ഷണ വലയമുണ്ട്. അസാധാരണമായ ആ സംരക്ഷണഭിത്തിയെ ആർക്കും തകർക്കാൻ കഴിയില്ല. ഇനിയും പ്രവചിക്കരുത്, പ്രസംഗിക്കരുത്, എഴുതരുത് എന്ന് പറയുന്നവരോട് ഒരു കാര്യം കൂടി പറയുവാനുണ്ട്. ആമോസ് 7:17-ാം വാക്യം പ്രസ്തുത വാക്യശകലം ഇവിടെ എഴുതുന്നില്ല ആവശ്യക്കാർ തിരുവെഴുത്ത് പരാശോധിക്കുക.

മാനസാന്തരപ്പെട്ട് മടങ്ങി വന്നില്ലെങ്കിൽ ഉന്മൂലനാശമാണ് സംഭവിക്കാൻ പോകുന്നത്. ദൈവസന്നിധിയിൽ സമർപ്പിച്ച് ക്രമീകരിക്കേണ്ടതിന് പകരം സന്ദേശം ദൈവത്തിൽ നിന്ന് ലഭിച്ചത് നൽകിയവരുടെ നേരെ കയർക്കരുത്. ഈ കാലഘട്ടത്തിലെ അമസ്യാവ്മാർക്ക് ഇത് ഒരു മുന്നറിയിപ്പായിരിക്കട്ടെ.

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446532838
E-mail : ysandhesham@saintly.com
Published from Thiruvalla on 05 - 11 - 2017

2017 NOVEMBER

YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2016-18
POSTED AT RMS THIRUVALLA ON 05-11-2017
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP/205/2016-18

# ഐ.പി.സി ഫാമിലി കോൺഫറൻസ് പ്രവർത്തനങ്ങൾ സജീവമാകുന്നു; ലോക്കൽ കമ്മറ്റി രൂപീകരിച്ചു



ഡാളസ്: 2018 ജൂലൈ 19-22 വരെ ഡാളസിൽ നടക്കുന്ന 16-ാമത് നോർത്ത് അമേരിക്കൻ ഐ.പി.സി ഫാമിലി കോൺഫറൻസിന്റെ ലോക്കൽ ഭാരവാഹികളെ നാഷണൽ കൺവീനർ പാസ്റ്റർ ബേബി വറുഗീസിന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർ 8 ഞായറാഴ്ച ഐ.പി.സി എബനേസർ ഹാളിൽ കൂടിയ മീറ്റിംഗിൽ തിരഞ്ഞെടുത്തു.

ഡാളസ് ഫോർട്ട് വർത്ത് പട്ടണങ്ങളുടെ മദ്ധ്യത്തിൽ ഇർവിംങ്. പട്ടണത്തിലുള്ള സുപ്രസിദ്ധ ഡാളസ് ഫോർട്ട് വർത്ത് (ഉഎണ) അന്തർദേശീയ വിമാനത്താവളത്തിൽ സ്ഥിതിചെയ്യുന്ന ഹയാറ്റ് റീജിയൻസി ഹോട്ടലിലാണ് കോൺഫറൻസ് ക്രമീകരിക്കുന്നത്.

പാസ്റ്റർ കെ.വി.തോമസ്, ജോൺസൺ വർക്കി (ലോക്കൽ കോർഡിനേറ്റേഴ്സ്), ബേബി പി.തോമസ് (സെക്രട്ടറി), ഫിന്നി സാം (ട്രഷറാർ) ബ്ലസൻ ബാബു (യൂത്ത്) തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ വിവിധ ഡിപ്പാർട്ട്മെന്റ് കോർഡിനേറ്റർമാരായി പാസ്റ്റർ സാബു സാമുവേൽ, പി.എം.സാമുവേൽ (പ്രയർ), ബാബു വടക്കേക്കുറ്റ് (രജിസ്ട്രേഷൻ), ഡാനി ഡേവിഡ് (അക്കൊമഡേഷൻ), ജോൺ മാത്യു (ഫുഡ്), ജോർജ് ആര്യപ്പള്ളിൽ (മ്യൂസിക്), ജോ മാത്യൂസ് (ലൈറ്റ് & സൗണ്ട്), ഫിലിപ്പ് ജോൺ (ട്രാൻസ്പോർട്ടേഷൻ), ബെന്നി ജോൺ (സെക്യൂരിറ്റി), വർഗീസ് ചീനിവിളയിൽ (അഷേഴ്സ്), എസ്.പി.ജയിംസ് (പബ്ലിസിറ്റി & മീഡിയ) എന്നിവരെ തെരഞ്ഞെടുത്തു.

മീറ്റിംഗിൽ ഡാളസിലെ ഐ.പി.സി സഭകളുടെ ശക്തമായ പ്രാധിനിത്യം ഉണ്ടായിരുന്നു. നാഷണൽ ഭാരവാഹികളായ അലക്സാണ്ടർ ജോർജ് (സെക്രട്ടറി), ജയിംസ് മുളവന (ട്രഷറർ), ജെറി കല്ലൂർ (യൂത്ത്), സാം മാത്യു (ഡാളസ് പ്രതിനിധി) കൂടാതെ ഐ.പി.സി മിഡ് വെസ്റ്റ് ജനറൽ കൗൺസിൽ മെമ്പറായ ജോർജ് മത്തായിയും മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു. നാഷണൽ ലോക്കൽ കമ്മറ്റികളുടെ സംയുക്ത മീറ്റിംഗ് നവംബർ 11 ന് ശനിയാഴ്ച ഉഎണ ഒ്യമഭേ ഒീലേഹ ൽ നടക്കുമെന്ന് പാസ്റ്റർ ബേബി വറുഗീസ് അറിയിച്ചു. കോൺഫറൻസിന്റെ അനുഗ്രഹത്തിനും വിജയത്തിനും നോർത്ത് അമേരിക്കയിലെ എല്ലാ ഐ.പി.സി റീജിയനുകളുടെയും വിശിഷ്യാ ഐ.പി.സി മിഡ് വെസ്റ്റ് റീജിയനിലും ഡാളസിലുമുള്ള എല്ലാ ഐ.പി.സി. സഭകളുടെയും സാന്നിദ്ധ്യ സഹകരണവും പ്രാർത്ഥനയും പ്രാർത്ഥനയും കൺവീനർ പാസ്റ്റർ ബേബിവർഗീസ് അഭ്യർത്ഥിച്ചു.

## നിയമിതനായി



**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് മിഷൻ പ്രവർത്തനങ്ങളുടെ ജനറൽ കോർഡിനേറ്ററായി റവ. ഡോക്ടർ ഷിബു ശാമുവേലിനെ കർണാടക സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി നിയമിച്ചു. അമേരിക്കയിലെ ഡാളസിൽ താമസിച്ചു കൊണ്ട് സുവിശേഷ വേലയിൽ വ്യാപൃതനായിരിക്കുന്ന ഇദ്ദേഹം ഡാളസ് ക്രോസ് വ്യു ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ്. കമ്പ്യൂട്ടറിൽ മാസ്റ്റർ ഡിഗ്രിയും വില്യം ബ്യൂമൗണ്ട് ഹോസ്പിറ്റലിൽ നിന്നും ഡോക്ടറൽ പ്രോഗ്രാമായി ക്ലിനിക്കൽ പാസ്റ്ററൽ എഡ്യുക്കേഷൻ ലെവൽ 1 & 2 എടുത്തു. തുടർന്ന് ക്ലിനിക്കൽ കൗൺസലിംഗ് സൈക്കോളജിയിൽ ഡോക്ടറേറ്റും നേടി. വില്ല്യം ബ്യൂമൗണ്ട് ഹോസ്പിറ്റലിന്റെ സ്പിരിച്ചൽ കെയർ വിഭാഗത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായും, ഡിട്രോയിറ്റ് മിഷഗൺ ഹോസ്പിറ്റലിന്റെ റിഹാബിലേറ്റഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായും, ഫിലദെൽഫിയ പെന്തക്കോസ്തൽ ചർച്ചിന്റെ പാസ്റ്ററായും, അഗാപ്പെ ഹോസ്പിസ് കെയർ ചാപ്ലെയിൻ എന്നി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഗാർലന്റ് ചേംബർ ഓഫ് കോമേഴ്സിന്റെ പ്രയർ ബ്രേക്ഫാസ്റ്റ് കമ്മറ്റി അംഗം, യൂത്ത് കൗൺസിൽ ബോർഡ് മെമ്പർ, ഗാർലന്റ് സിറ്റി കമ്മ്യൂണിറ്റി മൾട്ടി കൾച്ചറൽ കമ്മീഷനംഗം ആൽഫാ സ്റ്റാർ ഹോം ഹെൽത്ത് കെയറിന്റെ ജനറൽ മാനേജരും സിഇഓ& അഡ്മിനിസ്ട്രേറ്ററായും പ്രവർത്തിക്കുന്ന ഇദ്ദേഹം നല്ല ഒരു സുവിശേഷ പ്രസംഗകനാണ്. ഭാര്യ: സുസൻ. മക്കൾ: അലൻ, എയ്ജല

## പന്തളം ഡിസ്ട്രിക്ട് പതിനാലാമത് വാർഷിക കൺവൻഷൻ

പന്തളം: ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇന്ത്യ പന്തളം ഡിസ്ട്രിക്ടിന്റെ പതിനാലാമത് വാർഷിക കൺവൻഷൻ 2017 നവംബർ 29 ബുധൻ മുതൽ ഡിസംബർ 3 ഞായർ വരെ കുളനട ദൈവസഭാ ഗ്രൗണ്ടിൽ (മാന്തുക യു.പി.സ്കൂളിന് സമീപം) വച്ച് നടത്തപ്പെടുന്നു. ഡിസ്ട്രിക്ട് പാസ്റ്റർ അനിയൻകുഞ്ഞ് സാമുവേൽ ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു. കൺവൻഷനിൽ പ്രസംഗകരായി റവ. സി.സി. തോമസ് (സ്റ്റേറ്റ് ഓവർസിയർ), പാസ്റ്റർ വൈ. റെജി (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), പാസ്റ്റർ അനിയൻകുഞ്ഞ് സാമുവേൽ (ഡി.പി)., പാസ്റ്റർ വി.ഒ. വർഗീസ് (മുംബൈ), പാസ്റ്റർ ദാനിയേൽ വില്യംസ് (അബുദാബി) എന്നിവർ പ്രധാനപ്രസംഗകരായിരിക്കും. വെള്ളിയാഴ്ച പകൽ 10 മുതൽ 1 വരെ സഹോദരീസമ്മേളനവും ശനി 10 മുതൽ 1 വരെ സണ്ടേസ്കൂൾ വൈ.പി.ഇ. സംയുക്ത വാർഷിക സമ്മേളനവും നടക്കുന്നതാണ്. ഞായറാഴ്ച സംയുക്ത ആരാധനയോടു കൂടെ കൺവൻഷൻ സമാപിക്കും. പൊതുയോഗം എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ. ക്രൈസ്റ്റ് സിംഗേഴ്സ് (ചെങ്ങന്നൂർ) ഗാനങ്ങളാലപിക്കും.

# ഹൃദ്രോഗബാധയിൽ നിന്നും ശസ്ത്രക്രിയ ഇല്ലാതെ വിടുതൽ

**തിരുവല്ല നവജ്യോതി ആയുർവേദ ആശുപത്രിയിലെ ചികിത്സയിലൂടെ ശസ്ത്രക്രിയ ഇല്ലാതെ വിടുതൽ ലഭിച്ച ഇ.എൻ.സുകുമാരന്റെ അനുഭവങ്ങൾ.**



**ദൈവനാമത്തിന് മഹത്വം**

എന്റെ പേര് ഇ.എൻ.സുകുമാരൻ. കോട്ടയം ജില്ലയിൽ കങ്ങഴ ഇടവട്ടാൽ സ്വദേശിയാണ്. ഞാനൊരു ആശാരി കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടു. 1972-ൽ ഒരു തോട്ടിൽ വീണതു മൂലമുണ്ടായ ഭയം എന്നെ ഒരു മാനസിക രോഗിയാക്കി. അങ്ങനെയിരിക്കെ 1983-ൽ ഒരു ജോലിക്കായി മസ്ക്കറ്റിൽ പോയി. ചില നാളുകൾക്ക് ശേഷം രോഗം മൂർച്ഛിക്കുകയും ജോലി ചെയ്യാൻ സാധിക്കാതെവരികയും എന്നെ അവർ കയറ്റി വിടുകയും ചെയ്തു, നാട്ടിൽ വന്ന് കോട്ടയം മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്നു. രോഗാവസ്ഥ കുടുംബത്തിന്റെ സമാധാനവും നഷ്ടപ്പെടുത്തി. സാമ്പത്തികമായും വളരെ ബുദ്ധിമുട്ടിലായിരുന്നു. സമാധാനം എവിടെ ലഭിക്കും എന്ന് അസ്വസ്ഥ മനസുമായി നടക്കുമ്പോൾ ഒരുവീടിന്റെ ചുവിലെഴുതിയിരുന്ന "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരുമേ എന്റെ അടുക്കൽ വരുവീൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്ന വാക്യം ഹൃദയത്തെ സ്പർശിച്ചു.

അങ്ങനെയിരിക്കുമ്പോൾ ഇപ്പോൾ ആരാധിച്ചു കൊണ്ടിരിക്കുന്ന സഭയിലെ ശുശ്രൂഷകൻ പാസ്റ്റർ മാത്യു ഭവനത്തിൽ വരികയും,, ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും സുവിശേഷം അറിയിക്കുകയും ചെയ്തു. അങ്ങനെ ഞങ്ങൾ ആരാധനയിൽ പങ്കെടുക്കുവാനും പ്രാർത്ഥനയിലൂടെ ക്രമേണ മാനസിക രോഗത്തിൽ നിന്ന് വിടുതൽ പ്രാപിക്കുകയും ചെയ്തു. സ്നാനപ്പെട്ടതുമുതൽ മെഡിസിനുകൾ എടുത്തതുമില്ല. ചില നാളുകൾക്ക് ശേഷം ഡോക്ടറെ കണ്ടു. മാനസിക രോഗി അല്ല എന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തി. അങ്ങനെയിരിക്കേ ഇന്നേക്ക് 8 വർഷം മുൻപ് ഹാർട്ട് അറ്റാക്കുണ്ടായി. പല ആശുപത്രികളിലായി ചികിത്സയിലായിരുന്നു. മരുന്നുകൾ കഴിച്ചുകൊണ്ടേയിരുന്നു. 2017 മാർച്ച് മാസത്തിൽ ചില പ്രയാസങ്ങളുണ്ടായതിനേത്തുടർന്ന് ആൻജിയോഗ്രാം എടുത്തു. അതിൽ നിന്ന് എന്റെ ഹൃദയ ധമനികളിൽ 3 ബ്ലോക്കുകൾ ഉള്ളതായും, ബൈപ്പാസ് സർജ്ജറി അല്ലാതെ വേറെ വഴിയില്ലെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. അങ്ങനെ ഒരാഴ്ചത്തെ സമയം അവരെനിക്ക് അനുവദിച്ചു. എന്നാൽ ഓപ്പറേഷൻ ചെയ്യാനെനിക്ക് ഭയമായിരുന്നു.

അപ്പോഴാണ് എന്റെ പ്രിയ സ്നേഹിതൻ മുരളി ഹാലേലൂയ്യാ മാഗസിനിൽ കൂടി ബിനോയ് വൈദ്യനെക്കുറിച്ച് അറിയുകയും, എനിക്ക് പരിചയപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഫോണിൽ ബന്ധപ്പെടുകയും ഏപ്രിൽ മാസത്തിൽ തിരുവല്ലയിലുള്ള നവജ്യോതി ആയുർവേദ ആശുപത്രിയിൽ വരികയും ചെയ്തു. വന്നപ്പോൾത്തന്നെയുള്ള സന്തോഷത്തോടെയുള്ള സ്വീകരണവും 'ദൈവം പ്രവർത്തിക്കും' എന്നും മറ്റുമുള്ള ആശ്വാസ വാക്കുകളും എന്റെ മനസ്സിന് ആശ്വാസം നൽകി. രണ്ടുദിവസം അവിടെ താമസിച്ച് കൃത്യനിഷ്ഠയോടെ ആഹാരവും, പഥ്യവും, മരുന്നും തുടർന്ന് 15 ദിവസത്തേക്ക് മരുന്നും നൽകി എന്നെ മടക്കി അയച്ചു. എനിക്ക് വളരെ ആശ്വാസം ലഭിച്ചു. വീണ്ടും ചില നാളുകൾ കൂടി മരുന്നും കൃത്യമായ പഥ്യവും ക്രമമായ ആഹാരരീതിയുമായപ്പോൾ, ഏകദേശം ഒരു മാസത്തിനുള്ളിൽത്തന്നെ, ഞാൻ മുൻപ് അനുഭവിച്ചിരുന്ന ബുദ്ധിമുട്ടുകളിൽ നിന്ന് പൂർണ്ണമായ ആശ്വാസം ലഭിച്ചു. കിടക്കാൻ പറ്റാതവണ്ണം ശ്വാസം മുട്ടൽ, വിമ്മിഷ്ടം, തനിയെ ഒന്നും ചെയ്യുവാൻ സാധിക്കാതിരുന്ന അവസ്ഥകൾ എല്ലാം പൂർണ്ണമായി മാറി. പൂർണ്ണ ആരോഗ്യത്തോടെ ആയിരിക്കുന്നു. ഇപ്പോൾ ഞാൻ അഞ്ചുവീടുകളുടെ ആശാരിപ്പണി ഓടിനടന്നു ചെയ്തു കൊണ്ടിരിക്കുന്നു. അതുപോലെ തന്നെ കേരളത്തിലുടനീളം സഞ്ചരിച്ച് എനിക്ക് വിടുതലും ആശ്വാസവും നൽകിയ രക്ഷകനായ യേശുവിനെപ്പറ്റി 5 ടീമുകളോട് ചേർന്ന് പരസ്യയോഗങ്ങളിൽ പ്രസംഗിച്ചു കൊണ്ടിരിക്കുന്നു. തിരുവല്ല നവജ്യോതി ആയുർവേദ ആശുപത്രിക്കും ബിനോയ് വൈദ്യനും കുടുംബത്തിനും പ്രത്യേകമായും നന്ദിയും, എന്നേപ്പോലെ കഷ്ടമനുഭവിക്കുന്ന അനേകർക്ക് ആശ്വാസമായി വിടുതലിന് കാരണമായി ദൈവം ഉപയോഗിക്കട്ടെ എന്ന് വളരെ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

എനിക്ക് ഭാര്യയും രണ്ടു കുഞ്ഞുങ്ങളുമുണ്ട്. ഞങ്ങൾ കുടുംബമായി ഇടവട്ടാൽ ന്യൂ ലൈഫ് ക്രിസ്ത്യൻ ഫെലോഷിപ്പ് സഭയിൽ കർത്താവിനെ ആരാധിച്ചു പോരുന്നു.

**ബിനോയ് വൈദ്യന്റെ സേവനം ആവശ്യമുള്ളവർക്ക് തിരുവല്ല കാട്ടൂക്കര റോഡിലുള്ള നവജ്യോതി ആയുർവ്വേദ ആശുപത്രിയുമായി ബന്ധപ്പെടുക.**
**ബിനോയ് വൈദ്യൻ:**
**9048712570, 9496214000**

എന്ന് വിശ്വസ്തതയോടെ
ക്രിസ്തുവിൽ സഹോദരൻ
**ഇ.എൻ.സുകുമാരൻ**
കങ്ങഴ, കോട്ടയം.
ഫോൺ: 9544182994

Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.